പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 661

24.07.2008-ൽ മറുപടി നൽകേണ്ടത്

നികുതിപിരിവും നികുതിവെട്ടിപ്പും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് എം.തോമസ്<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. സി.കെ.പി. പത്മനാഭൻ<br>ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ<br>ശ്രീ. സാജു പോൾ | ശ്രീ. തോമസ് ഐസക്<br>ധനകാര്യ വകുപ്പ് മന്ത്രി |
| (എ) നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതിവെട്ടിപ്പ് തടയുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനുമായി ശക്തവും ഫലപ്രദവുമായ നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. അതിർത്തി കടക്കുന്ന ചരക്കുകളുടെ കണക്ക് ചെക്ക് പോസ്റ്റുകളിൽ ശേഖരിച്ച് ശാസ്ത്രീയ വിശകലനത്തിന് വിധേയമാക്കി നികുതിവെട്ടിപ്പിനുള്ള പഴുതുകൾ തടയുന്നതിനുള്ള ഇൻറലിജൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി 35 ഇൻറലിജൻസ് സ്ക്വാഡുകൾ പുതുതായി ആരംഭിക്കുകയും നികുതി വെട്ടിപ്പ് കാര്യക്ഷമമായി തടയാനുതകുന്ന രീതിയിൽ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. ഊടുവഴികളിലൂടെയുള്ള കള്ളക്കടത്തു തടയുന്നതിനായി കൂടുതൽ താൽക്കാലിക ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചു. ഈ മേഖലയിൽ ഇൻറലിജൻസ് വിഭാഗത്തിൻെറ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി. റയിൽവേ വഴിയുള്ള കള്ളക്കടത്തു തടയുന്നതിനും അതുവഴിയുള്ള നികുതി വെട്ടിപ്പ |

| | |
|---|---|
| | തടയുന്നതിനും പരിശോധന കൂടുതൽ ഊർജ്ജിതമാക്കി. നികുതി പിരിവ് പരമാവധി വർദ്ധിപ്പിക്കുവാൻ ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം നൽകുകയും അവരുടെ പ്രവർത്തനങ്ങളെ ഉന്നതതലത്തിൽ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു. കച്ചവടക്കാരിൽ നിന്നും പിരിഞ്ഞുകിട്ടാനുള്ള നികുതി പരമാവധി സമാഹരിക്കാനുള്ള തീവ്രയത്ന പരിപാടികൾ വിവിധ തലങ്ങളിൽ നടന്നുവരുന്നുണ്ട്. പിഴ, പലിശ എന്നിവ പരമാവധി കുറച്ചുകൊടുത്തുകൊണ്ട് കച്ചവടക്കാരിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള നികുതി പിരിച്ചെടുക്കാൻ ഊർജ്ജിതശ്രമം നടത്തി വരുന്നുണ്ട്. ഇപ്പോൾ പ്രാവർത്തികമാക്കിയിട്ടുള്ള ആംനസ്റ്റി പദ്ധതി ലക്ഷ്യം കണ്ടുതുടങ്ങിയിട്ടുണ്ട്. |
| (ബി) ചെക്ക് പോസ്റ്റുകളിലെ അഴിമതി പൂർണ്ണമായും ഇല്ലാതാക്കാൻ പ്രായോഗിക നടപടികൾ സ്വീകരിക്കുമോ ; | (ബി) സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ മുഴുവൻ അഴിമതി വിമുക്തമാക്കുന്നതിന്റെ ഭാഗമായി അഴിമതിരഹിതവാളയാർ, അഴിമതിവിമുക്ത മഞ്ചേശ്വരം പദ്ധതികൾക്ക് രൂപം നൽകുകയും അവ കാര്യക്ഷമമായ രീതിയിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നുണ്ട്. ചെക്ക്പോസ്റ്റിന്റെ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്താനും സുതാര്യമാക്കാനും സോഷ്യൽ ഓഡിറ്റിംഗ് സമ്പ്രദായം നടപ്പിലാക്കി.<br>പോലീസ് സഹായം ആവശ്യമുള്ള ചെക്ക്പോസ്റ്റുകളിൽ അവ ഏർപ്പെടുത്തി |

| | |
|---|---|
| | യിട്ടുണ്ട്. അഴിമതി രഹിത ചെക്ക്പോസ്റ്റുകളിൽ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രത്യേകം പരിശീലനം നൽകുന്നുണ്ട്.<br>പ്രധാനപ്പെട്ട എല്ലാ ചെക്കപോസ്റ്റുകളിലും കംപ്യൂട്ടർ സ്ഥാപിച്ച് ഓൺലൈൻ ഡാറ്റാ എൻഡ്രി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇൻറലിജൻസ് സ്ക്വാഡുകളുടെ പ്രവർത്തനം ശക്തമാക്കി, അഴിമതിയ്ക്കുള്ള പഴുതുകൾ പരമാവധി ഒഴിവാക്കിയിട്ടുണ്ട്.<br>വിവിധ വകുപ്പുകളുടെ ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിൻെറ ഭാഗമായി വാളയാർ സംയോജിത ചെക്ക്പോസ്റ്റിലേയ്ക്കായി 4 വകുപ്പുകളിൽ (പോലീസ് വകുപ്പ്, എക്സൈസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, വാണിജ്യ നികുതി വകുപ്പ്) ആവശ്യമായ പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. |
| (സി) നികുതിനിർണ്ണയവുമായി ബന്ധപ്പെട്ട കേസ്സുകൾ കാലവിളംബമില്ലാതെ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) നികുതി വകുപ്പിലെ അപ്പീൽ വിഭാഗം കാര്യക്ഷമമാക്കി പരമാവധി കേസ്സുകളിൽ കാലവിളംബമൊഴിവാക്കി തീർപ്പാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ ഡെപ്യൂട്ടി കമ്മീഷണർമാരുടെ സേവനം ടി വിഭാഗത്തിലേയ്ക്കായി അനുവദിച്ചുകൊടുത്തു. 6 ഡെപ്യൂട്ടി കമ്മീഷണർമാരെ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ)മാരായി പുനർവന്യസിച്ചു. ഇതിനുപുറമേ 14 അസിസ്റ്റൻറ് കമ്മീഷണർമാരെ അപ്പലേറ്റ് അസിസ്റ്റൻറ് കമ്മീഷണർമാരായി |

നിയമിക്കുന്നതിനുള്ള പുനർവിന്യാസ നടപടികൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്.

നികുതി നിർണയം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു വേണ്ടി കേരള പൊതു വില്പന നികുതി നിയമത്തിൽ 17 (ഡി) നിലവിൽ വരുത്തുകയും ആയതു പ്രകാരം നടപടിക്രമങ്ങൾ ലഘൂകരിച്ച് നികുതി നിർണ്ണയങ്ങൾ തീർപ്പാക്കുന്നതിനു വേണ്ടി വ്യക്തമായ മാനദണ്ഡങ്ങൾ നിർദ്ദേശിക്കുകയും ഉണ്ടായി. അവ താഴെ പറയുന്നതാണ്.

- സ്റ്റാറ്റ്യൂട്ടറി ഫോമുകൾ നൽകാതെയോ,അവ ദുരുപയോഗം ചെയ്തോ നികുതി അടയ്ക്കാതിരിക്കുകയും കുറച്ച് അടയ്ക്കുകയും ചെയ്ത കേസുകളിൽ ഒടുക്കേണ്ട നികുതി അടച്ച് തീർപ്പാക്കുക.

- നികുതി വെട്ടിപ്പിന് കോമ്പൗണ്ടിംഗ് ഫീ ഒടുക്കുകയോ പിഴ ചുമത്തപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ, വെട്ടിച്ച നികുതിയ്ക്ക് തുല്യമായ തുകയോ, നികുതി വെട്ടിപ്പിന്റെ കാലയളവിന്റെ അടിസ്ഥാനത്തിൽ വെട്ടിച്ച നികുതിയുടെ പരമാവധി മൂന്നിരട്ടി തുകയോ അധികമായി ചുമത്തുന്നതാണ്.

- നികുതി വെട്ടിപ്പ് തിട്ടപ്പെടുത്തുവാൻ

| | |
|---|---|
| | കഴിയാത്ത കേസുകളിൽ റിട്ടേൺ പ്രകാരമുള്ള നികുതി വിധേയ വിറ്റു വരവിൻെറ 5% കൂടിച്ചേർത്ത് തീർപ്പാക്കുന്നതാണ്. ഇപ്രകാരമുള്ള അധിക നികുതി 5000 രൂപയിൽ കുറയാനോ ഒരു ലക്ഷം രൂപയിൽ കൂടാനോ പാടില്ല.<br><br>• റിട്ടേണുകളും ടി.ഡി.എസ്. സർട്ടിഫിക്കറ്റുകളും ഹാജരാക്കിയിട്ടുള്ള, കോംമ്പൗണ്ട് ചെയ്തിട്ടുള്ള കരാറുകാരുടെ കേസുകളും അവാർഡറുടെ സർട്ടിഫിക്കറ്റ് അംഗീകരിച്ച് തീർപ്പാക്കാവുന്നതാണ്.<br><br>• ആവശ്യമായ രേഖകളും റിട്ടേണുകളും സമർപ്പിച്ചിട്ടുള്ള കോംമ്പൗണ്ട് ചെയ്യാത്ത കരാറുകാരുടെ കേസുകൾ അടച്ച നികുതിയുടെ 20% ചേർത്ത്, 10000 രൂപയിൽ കുറയാതെ നികുതി നിർണ്ണയം പൂർത്തിയാക്കേണ്ടതാണ്. |
| (ഡി) നികുതികുടിശ്ശിക പിരിച്ചെടുക്കാനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ | (ഡി) 2008-09 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനം (ഖണ്ഡിക 155) പ്രകാരം വാണിജ്യ നികുതി വകുപ്പിൽ [illegible] എല്ലാത്തരം കുടിശ്ശികകളും തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ആംനസ്റ്റി സ്കീം) നടപ്പാക്കിയിട്ടുണ്ട്. ഇതനുസരിച്ച് അതാതു ജില്ലകളിൽ ലഭിച്ചിട്ടുള്ള |

<table>
<tr>
<td></td>
<td>
അപേക്ഷകൾ തീർപ്പാക്കി പിരിച്ചെടുത്ത തുക താഴെ പറയും പ്രകാരമാണ്.<br>
11.07.2008 വരെയുള്ള ആംനസ്റ്റി സ്കീമിന്റെ പിരിവ്.

<table>
<tr><th>ജില്ല</th><th>പിരിച്ചെടുത്ത തുക (ലക്ഷത്തിൽ)</th></tr>
<tr><td>തിരുവനന്തപുരം</td><td>43.11</td></tr>
<tr><td>കൊല്ലം</td><td>22.58</td></tr>
<tr><td>പത്തനംതിട്ട</td><td>6.42</td></tr>
<tr><td>ആലപ്പുഴ</td><td>17.4</td></tr>
<tr><td>കോട്ടയം</td><td>53.48</td></tr>
<tr><td>ഇടുക്കി</td><td>6.68</td></tr>
<tr><td>എറണാകുളം</td><td>169.16</td></tr>
<tr><td>മട്ടാഞ്ചേരി</td><td>69.27</td></tr>
<tr><td>തൃശ്ശൂർ</td><td>51.32</td></tr>
<tr><td>പാലക്കാട്</td><td>67.68</td></tr>
<tr><td>മലപ്പുറം</td><td>4.35</td></tr>
<tr><td>കോഴിക്കോട്</td><td>42.55</td></tr>
<tr><td>വയനാട്</td><td>24.67</td></tr>
<tr><td>കണ്ണൂർ</td><td>27.28</td></tr>
<tr><td>കാസർഗോഡ്</td><td>11.8</td></tr>
<tr><td>ആകെ</td><td>617.75</td></tr>
</table>
</td>
</tr>
<tr>
<td>(ഇ) ഇതിന്റെ ഫലമായി കുടിശ്ശിക പിരിവിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?</td>
<td>ഇതിന്റെ ഫലമായി കുടിശ്ശിക പിരിവിൽ 6.18 കോടിയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 662</u> <u>24.7.2008 ൽ മറുപടിക്ക്</u>

<u>ജലഗതാഗതം ആധുനിക രീതിയിൽ പുനസംഘടിപ്പിക്കുന്നതിനു പദ്ധതി</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.എം.കെ.പുരുഷോത്തമൻ<br>ശ്രീ.വി.എൻ. വാസവൻ | | ശ്രീ. മാത്യു.ടി. തോമസ്<br>(ഗതാഗതവും പ്രിൻറിംഗും സ്റേറഷനറിയും വകുപ്പ് മന്ത്രി.) |
| (എ) ജലഗതാഗതം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാമാണ് ; | (എ) | ജലഗതാഗതം കാര്യക്ഷമമാക്കുന്നതിൻെറ ഭാഗമായി കൂടുതൽ സ്റ്റീൽ ബോട്ടുകൾ നിർമ്മിച്ച് സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ബോട്ടിൻെറ റിപ്പയർ ജോലികൾ കൂടുതൽ കാര്യക്ഷമമായും വേഗത്തിലും ചെയ്യുന്നതിന് ആലപ്പുഴയിൽ ആധുനിക സൗകര്യങ്ങളുളള, സ്ളിപ്‌വേ നിർമ്മിക്കുന്നതിനുളള പ്രരംഭനടപടികൾ പൂർത്തിയായി വരുന്നു. എറണാകുളം തേവരയിൽ വകുപ്പിൻെറ ഡോക്ക്‌യാർഡിലെ സ്ളിപ്‌വേയിൽ സ്റ്റീൽ ബോട്ടുകൾ ഉൾപ്പെടെയുളള ബോട്ടുകൾ കയററത്തക്ക രീതിയിൽ റീ കണ്ടീഷൻ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിൻെറ പ്രധാനപ്പെട്ട സ്റ്റേഷനുകളായ ആലപ്പുഴ എറണാകുളം, പാണാവളളി കൊല്ലം സ്റ്റേഷനുകളിൽ ഓരോ സ്പെയർ ബോട്ട് നല്കി, സർവ്വീസ് മുടക്കം പരമാവധി ഒഴിവാക്കുക എന്ന ലക്ഷ്യം നേടുന്നതിനുളള ശ്രമങ്ങൾ നടന്നു വരുന്നു. |
| (ബി) സംസ്ഥാന ജലഗതാഗതവകുപ്പ് എത്ര ബോട്ടുകൾ സർവ്വീസ് നടത്തുന്നു ; | (ബി) | വകുപ്പിൽ ഇപ്പോൾ 46 ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്. |
| (സി) എത്ര ഫൈബർ ബോട്ടുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നു ; | (സി) | വകുപ്പിൽ 11 ഫൈബർ ബോട്ടുകൾ സർവ്വീസ് നടത്തുന്നു. |
| (ഡി) കഴിഞ്ഞ സർക്കാരിൻെറ കാലത്ത് എത്ര ഫൈബർ ബോട്ടുകൾ വാങ്ങി ; | (ഡി) | കഴിഞ്ഞ സർക്കാരിൻെറ കാലത്താണ് ഫൈബർ ബോട്ടുകൾ നിർമ്മിക്കുന്ന |

ഇവ വാങ്ങിയതുമായി ബന്ധപ്പെട്ട ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

തിന് കേരള ഷിപ്പിംഗ് ആൻറ് ഇൻലാൻറ് നാവിഗേഷൻ കോർപ്പറേഷന് സപ്ളൈ ഓർഡർ നൽകിയത്. 2008 ഫെബ്രുവരി മാസത്തിൽ ബോട്ടുകൾ വകുപ്പ് ഏറെറടുക്കുകയുണ്ടായി. ഫൈബർ ബോട്ടുകൾ വാങ്ങിയതുമായി ബന്ധപ്പെട്ട് അന്വേഷണം ഒന്നും നടത്തിയിട്ടില്ല.

(ഇ) ബോട്ടുകളുടെ അററകുററപ്പണികൾ നടത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് ;

(ഇ) ബോട്ടിൻെറ അററകുററപ്പണികൾ ചെയ്യുന്നതിന് ആലപ്പുഴയിലും എറണാകുളം തേവരയിലും ഡോക്ക് യാർഡുകൾ പ്രവർത്തിക്കുന്നു. ആലപ്പുഴയിൽ ഒരേ സമയം അഞ്ചുബോട്ടുകളും തേവരയിൽ ഒരു ബോട്ടും കയററിവച്ച് മേജർ റിപ്പയർ ചെയ്യുന്നതിനുള്ള സൗകര്യവും ഒരു ബോട്ടിൻെറ അണിയവും, അമരവും കയററി മൈനർ റിപ്പയർ ചെയ്യുന്നതിനുള്ള സൗകര്യവും ലഭ്യമാണ്.

(എഫ്) ജലഗതാഗതം ആധുനിക രീതിയിൽ പുനസംഘടിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ?

(എഫ്) കൂടുതൽ യാത്രക്കാരെ കയററാവുന്ന 200 300 പാസഞ്ചർ കപ്പാസിററിയുള്ള ബോട്ടുകൾ വാങ്ങി ദേശീയ ജലപാതയിൽ സർവ്വീസ് നടത്തുന്നതിനുള്ള നിർദ്ദേശം ജലഗതാഗത വകുപ്പ് സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 663 — 24.07.2008-ൽ മറുപടിക്ക്

### കരിങ്കൽ ക്വാറികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. കെ. രാജു<br>ശ്രീ. കെ. അജിത്<br>ശ്രീ രാജാജി മാത്യു തോമസ് | ശ്രീ. കെ. പി. രാജേന്ദ്രൻ<br>(ബഹു. റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറികൾ ഉണ്ടോ; എങ്കിൽ എത്ര? | (എ) ഉണ്ട്, 1816 എണ്ണം |
| (ബി) പ്രവർത്തനം മതിയാക്കി ഉപേക്ഷിക്കപ്പെട്ട ക്വാറികളുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും എത്ര വീതം? | (ബി) ഉണ്ട്, ആലപ്പുഴ ജില്ലയിൽ കരിങ്കൽ ക്വാറി ഇല്ല. മറ്റ് ജില്ലകളിൽ കരിങ്കൽ ക്വാറികളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.<br>തിരുവനന്തപുരം-69, കൊല്ലം-16, പത്തനംതിട്ട-87, കോട്ടയം-80, ഇടുക്കി-5, എറണാകുളം-101, തൃശ്ശൂർ-35, വയനാട്-41, കാസർഗോഡ്-9, പാലക്കാട്-114, മലപ്പുറം-94, കോഴിക്കോട്-12, കണ്ണൂർ-23 (ആകെ 648) |
| (സി) ഇത്തരം ക്വാറികളിലുണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നു വിശദമാക്കുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉപേക്ഷിക്കപ്പെട്ട ക്വാറികളിലുണ്ടാകുന്ന അപകടങ്ങൾ തടയുന്നതിന് ക്വാറിക്കുചുറ്റും വേലി കെട്ടുന്നതിനും, അപകട സൂചന ബോർഡുകൾ സ്ഥാപിക്കുന്നതിനും ക്വാറി ഉടമകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സുരക്ഷാ ക്രമീകരണങ്ങൾ പരിശോധിക്കുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.664 24-07-2008 -ൽ മറുപടിയ്ക്ക്.

വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വർക്കല കഹാർ<br>പ്രൊഫ.കെ.വി.തോമസ്<br>ശ്രീ.കെ.ശിവദാസൻ നായർ | ശ്രീ.പാലോളി മുഹമ്മദുകുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻസമിതി നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായികർഷകർക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ ലഭ്യമാക്കാനാണ് പരിപാടിയിട്ടിട്ടുള്ളത്; | (എ) വികേന്ദ്രീകൃതാസൂത്രണത്തിന്റെ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്ന സമിതിയാണ് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി പദ്ധതികൾ ഒന്നും തന്നെ നടപ്പാക്കുന്നില്ല. |
| (ബി) വിത്തുകൾക്കും,തൈകൾക്കും പരിപൂർണ്ണ സബ്സിഡി ലഭ്യമാക്കണമെന്ന നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; | (ബി) ചെറുകിട നാമമാത്ര കർഷകർക്ക് വിത്തുകൾക്കും തൈകൾക്കും 100% സബ്സിഡി അനുവദിച്ചിട്ടുണ്ട്. |
| (സി) ഇതിനായി തദ്ദേശസ്വയംഭരണവകുപ്പ് എന്തൊക്കെ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) 11-07-08-ലെ ജി.ഒ.(എം.എസ്) 199/08/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം ഇതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങളുടെ സംഭരണത്തിനും, കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനും ഈ പദ്ധതിയിൻകീഴിൽ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്? | (ഡി) | പ്രാദേശിക ഉല്പാദന വിപണന ശൃംഖല സൃഷ്ടിക്കുന്ന പരിപാടി കുടുംബശ്രീയുടെ ഭാഗമായി നടപ്പാക്കുന്നുണ്ട്. ഓർഡറുകൾ ശേഖരിക്കുന്നതിനും ഉല്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിനും വ്യത്യസ്ത ആക്റ്റിവിറ്റി ഗ്രൂപ്പുകൾ മുഖേന പ്രവർത്തിക്കുന്ന ദരിദ്രരുടെ കൂട്ടായ്മയിലൂടെയാണ് ഇത് സാധ്യമാക്കുന്നത്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 665 * 24..07..2008 ൽ മറുപടിക്ക്

## വില്ലേജ് ആഫീസുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാഴികാടൻ:<br>ശ്രീ. റോഷി അഗസ്റ്റിൻ:<br>ശ്രീ. ജോസഫ് എം പുതുശ്ശേരി: | ശ്രീ. കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വില്ലേജ് ആഫീസുകൾ കമ്പ്യൂട്ടർ വൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എപ്രകാരം; ആയത് എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ 592 വില്ലേജുകളിൽ കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ എല്ലാ വില്ലേജാഫീസുകളിലും ഭൂരേഖകൾ പൂർണ്ണമായി കമ്പ്യൂട്ടർ വൽക്കരിച്ച് പോക്കുവരവ് ഉൾപ്പെടെയുള്ള നടപടി ക്രമങ്ങൾ കമ്പ്യൂട്ടർ മുഖേന ചെയ്തു വരുന്നു. മറ്റ് ജില്ലകളിലെല്ലാം താലൂക്കാഫീസിലെ ഡേറ്റാ സെന്ററിൽ വച്ച് ബി. റ്റി. ആറും, തണ്ടപ്പേരും കമ്പ്യൂട്ടർ വൽക്കരിക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. ബി.റ്റി. ആറും തണ്ടപ്പേരും ചേർക്കുന്ന നടപടി പൂർത്തിയാക്കി ഡേറ്റ വാലിഡേഷനും കഴിഞ്ഞ് ജില്ലയിൽ നിന്നുള്ള പ്രൊപ്പോസലും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ചേ വില്ലേജാഫീസ് കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കുവാൻ കഴിയൂ. പൂർത്തിയാക്കിയ ജില്ലകളിലെ വിവരങ്ങൾ ഒരു വെബ്സൈറ്റിൽ സൂക്ഷിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) കരംതീരുവ രസീത്, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, തണ്ടപ്പേർ ചേർക്കൽ തുടങ്ങിയ ബന്ധപ്പെട്ട അപേക്ഷകർക്ക് അന്നേ ദിവസം തന്നെ നൽകുവാൻ വേണ്ട സംവിധാനം വില്ലേജ് ആഫീസുകളിൽ ഏർപ്പെടുത്തുമോ; | (ബി) കരം തീരുവ രസീതും, വ്യക്തമായ രേഖകളും സമർപ്പിക്കുന്ന കേസുകളിൽ സർട്ടിഫിക്കറ്റുകളും കഴിയുന്നതും അന്നേ ദിവസം തന്നെ നൽകിവരുന്നുണ്ട്. |
| (സി) നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പര്യാപ്തമാണോ; അല്ലെങ്കിൽ ആയത് ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (സി) പര്യാപ്തമല്ല. ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) വിവിധ ആവശ്യങ്ങൾക്കായി വില്ലേജ് ആഫീസുകളിൽ എത്തുന്നവർക്ക് ഇരിപ്പിട സൗകര്യം, ദാഹജലം എന്നിവ സജ്ജമാക്കുമോ? | (ഡി) തിരുവനന്തപുരം ജില്ലയിൽ എല്ലാ വില്ലേജ് ഓഫീസുകളിലും ഇരിപ്പിടം സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തുള്ള എല്ലാ വില്ലേജ് ഓഫീസുകളിലും വിവിധ ആവശ്യങ്ങൾക്കായി എത്തുന്നവർക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും, ഇരിപ്പിടവും കുടിവെള്ള സൗകര്യവും നൽകുവാൻ കഴിയും വിധം ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഒരു പദ്ധതി സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യംനമ്പർ. 666    24.07.2008-ൽ മറുപടി ക്ക്

### ട്രെയിൻ മുഖേനയുള്ള കള്ളക്കടത്ത്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.എം. യൂസഫ്<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. എം. ഹംസ<br>ശ്രീ. പി. വിശ്വൻ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. തോമസ് ഐസക്<br>ധനകാര്യ വകുപ്പ് മന്ത്രി |
| (എ) ട്രെയിൻ മുഖേനയുള്ള കള്ളക്കടത്ത് തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ; | ഉണ്ട്. സംസ്ഥാനത്തെ എല്ലാ റെയിൽവേ സ്റ്റേഷനുകളും കേന്ദ്രീകരിച്ച് ഇന്റലിജൻസ് വിഭാഗം സ്ക്വാഡുകളുടെ നിരന്തരമായ പരിശോധനകൾ നടത്തിവരുന്നുണ്ട്. നിയമപരമായ രേഖകൾ ഇല്ലാതെ കൊണ്ടുവരുന്ന ചരക്കുകളിന്മേൽ മൂല്യവർദ്ധിത നികുതി നിയമ പ്രകാരം നികുതി, പിഴ എന്നിവ ഈടാക്കുകയും ചെയ്യുന്നു. യഥാർത്ഥ അവകാശികളെ കണ്ടെത്താൻ കഴിയാത്ത കേസ്സുകളിൽ 14 ദിവസം കഴിയുന്ന മുറയ്ക്ക് വകുപ്പ് 47 പ്രകാരം ചരക്കുകൾ കണ്ടുകെട്ടി ലേലം ചെയ്യുകയാണ് പതിവ്. ഓണം, ക്രിസ്തുമസ് തുടങ്ങിയ ഉൽസവകാലങ്ങളിൽ റെയിൽവേ വഴിയുള്ള ചരക്ക്കടത്ത് വ്യാപകമാകുന്നതിനാൽ ഈ സന്ദർഭത്തിൽ സ്ക്വാഡുകൾ ക്ലിയർ ചെയ്തതും ചെയ്യാത്തതുമായ എല്ലാ ചരക്കുകളും പരിശോധിക്കുകയും നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |

GOVI

| | |
|---|---|
| (ബി) ഈ വർഷം ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; | (ബി) 1712 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, |
| (സി) ട്രെയിൻ മുഖേനയുള്ള കള്ളക്കടത്ത് തടയുന്നതിന് റയിൽവേ ജീവനക്കാരുടെ സഹകരണം ലഭിക്കുന്നുണ്ടോ ; | (സി) പൂർണ്ണമായ സഹകരണം ലഭിക്കാറില്ല. |
| (ഡി) ട്രെയിൻ മുഖേനയുള്ള കള്ളക്കടത്ത് കണ്ടു പിടിക്കുന്നതിന് ധനകാര്യ വകുപ്പിന് എന്തു സംവിധാനമാണുള്ളത് ; ഇത് ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (ഡി)ട്രെയിൻ മുഖേനയുള്ള കള്ളക്കടത്ത് കണ്ടുപിടിക്കുന്നതിന് ധനകാര്യ വകുപ്പിൽ ഒരു സംവിധാനവും നിലവിലില്ല. എന്നാൽ, വാണിജ്യ നികുതി വകുപ്പിൽ, റെയിൽവേ സ്റ്റേഷനുകളിൽ ഇന്റലിജൻസ് സ്ക്വാഡുകൾ നിരന്തരമായി പരിശോധന നടത്തി ചരക്ക് നീക്കങ്ങൾ ശ്രദ്ധിക്കുകയും നിയമപരമായ മാർഗ്ഗങ്ങളിൽ കൂടിയല്ലാതെ നികുതിവെട്ടിച്ച് കൊണ്ടു വരുന്ന ചരക്കുകൾക്ക് നികുതി തുകയുടെ ഇരട്ടി ഈടാക്കുകയും അവകാശികളെ കണ്ടെത്താൻ കഴിയാത്ത അവസരങ്ങളിൽ വകുപ്പ് 47 പ്രകാരം ചരക്കുകൾ കണ്ടുകെട്ടി ലേലം ചെയ്യുന്നതിനുമുള്ള സംവിധാനം നിലവിലുണ്ട്. ഇന്റലിജൻസ് സ്ക്വാഡുകളെ തന്ത്രപരമായി വിന്യസിച്ചു കൊണ്ട് ഈ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 667    24-07-08 ൽ മറുപടിക്ക്

സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളുടെ പ്രവർത്തനം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. സി.എച്ച്. കുഞ്ഞമ്പു :<br>ശ്രീ.എ.എം. ആരിഫ് :<br>ശ്രീ.വി.എൻ. വാസവൻ :<br>ശ്രീ.എം.എം.മോനായി : | ഡോ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് ; | (എ) കേരളത്തിലെ മണിലെന്റിങ് നിയമത്തിന്റെ പരിധിയിൽ വരുന്ന സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും അവയെ നിയന്ത്രിക്കുന്നതിനുമായി 1958ലെ കേരള മണിലെന്റിങ് നിയമ പ്രകാരം അതതു സ്ഥലത്തെ ഇൻസ്പെക്റ്റിങ് അസിസ്റ്റന്റ് കമ്മീഷണർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) കേരള മണി ലെൻഡേഴ്സ് നിയമം ലംഘിച്ചതുമായി ബന്ധപ്പെട്ട് കഴിഞ്ഞ് 2 വർഷ കാലയളവിൽ എത്ര പരാതികൾ കിട്ടി ; അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (ബി) ലഭിച്ച പരാതികളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം-16<br>കൊല്ലം-3<br>പത്തനംതിട്ട-0<br>ആലപ്പുഴ-3<br>കോട്ടയം-3<br>ഇടുക്കി-0<br>എറണാകുളം-5<br>തൃശ്ശൂർ-1<br>പാലക്കാട്-0<br>മലപ്പുറം-2<br>കോഴിക്കോട്-2<br>കണ്ണൂർ-0<br>കാസർഗോഡ്-0<br>വയനാട്-0<br>നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരായി കർശന നടപടികൾ വാണിജ്യ നികുതി വകുപ്പ് സ്വീകരിക്കാറുണ്ട്. ഇതിൻപ്രകാരം ലഭിച്ച പരാതികളിന്മേൽ അന്വേഷണത്തിനും ഉചിതമായ നടപടികൾക്കും വേണ്ടി ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കേസുകളിൽ അന്വേഷണം വിവിധ ഘട്ടങ്ങളിലാണ്. |

| | | | |
|---|---|---|---|
| (സി) | സ്വകാര്യ പണമിടപാടുകാരുടെ ചൂഷണം തടയുന്നതിന് നിലവിലുള്ള നിയമം പര്യാപ്തമാണോ ; ഇല്ലെങ്കിൽ അതിനായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) | 1958ലെ കേരള മണിലെന്റിങ് നിയമത്തിന്റെ പരിധിയിൽ വരുന്ന പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള വ്യക്തമായ വ്യവസ്ഥകൾ നിയമത്തിലുണ്ട്. കൂടാതെ കേരളത്തിനകത്തെ സാമ്പത്തിക സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി കേരള പ്രൊട്ടക്ഷൻ ഓഫ് ഇന്ററസ്റ്റ് ഓഫ് ഡെപ്പോസിറ്റേഴ്സ് ( ഇൻഫിനാൻഷ്യൽ എസ്റ്റാബ്ലിഷ്മെന്റ്) ആന്റ് റഗുലേഷൻ ഓഫ് മണിലെന്റേഴ്സ് ബിൽ 2007 എന്ന ബിൽ പരിഗണനയിലാണ്. |
| (ഡി) | അംഗീകാരമില്ലാത്ത പണമിടപാടു സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് പ്രത്യേക സ്ക്വാഡ് രൂപീകരിക്കുമോ ? | (ഡി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 668 — 24.07.08 ൽ മറുപടിയ്ക്ക്

**മോട്ടോർ വാഹന** നിയമത്തിൽ **ഉയർന്ന ശിക്ഷകൾ വ്യവസ്ഥ** ചെയ്യാൻ നടപടി

| ചോദ്യം: | ഉത്തരം : |
|---|---|
| ശ്രീ. പി. കെ. അബ്ദുറബ്ബ്<br>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് | ശ്രീ. മാത്യു. ടി. തോമസ്<br>(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) മോട്ടോർ വാഹനനിയമത്തിൽ വിവിധ കുറ്റകൃത്യങ്ങൾക്കു വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷകൾ വർദ്ധിപ്പിക്കണമെന്ന് ആലോചിക്കുന്നുണ്ടോ ;<br><br>ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; | എ) യും ബി) യും<br><br>മോട്ടോർ വാഹന നിയമത്തിൽ , വിവിധ ട്രാഫിക് നിയമലംഘനങ്ങൾക്ക് വിവിധ തരം ശിക്ഷ / പിഴ വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഈ ശിക്ഷ / പിഴ നടപ്പാക്കിയിട്ടും പലരും നിയമലംഘനം ആവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡപകടങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കൂടുതൽ കടുത്ത ശിക്ഷ / പിഴ ഏർപ്പെടുത്തിയാലെ ട്രാഫിക് ലംഘനങ്ങൾ ഇല്ലാതാക്കുവാനോ കുറയ്ക്കുവാനോ കഴിയൂവെന്ന് റോഡ് സുരക്ഷാ അതോറിറ്റി വിലയിരുത്തുകയും ശിക്ഷ / പിഴ വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന് സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. **പ്രസ്തുത** നിർദ്ദേശം **ലഭിച്ച ശേഷം നിയമ**വശങ്ങൾ പരിശോധിച്ച് സർക്കാർ ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |

സി) മദ്യപിച്ച് അമിത വേഗത്തിൽ വാഹനമോടിക്കുന്നവർക്ക് കഠിന ശിക്ഷ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

സി) മദ്യപിച്ച് വാഹനമോടിക്കുന്നവർക്ക് നൽകുന്ന ശിക്ഷ രണ്ടായിരം രൂപ പിഴയോ 6 മാസം തടവുശിക്ഷയോ ഇവ രണ്ടും കൂടിയോ ആണ്. വീണ്ടും ആവർത്തിക്കുകയാണെങ്കിൽ 2 വർഷം തടവുശിക്ഷയോ 3000 രൂപ പിഴയോ , അല്ലെങ്കിലിവ രണ്ടുംകൂടിയോ ചുമത്തിവരുന്നു. അമിത വേഗത്തിൽ വാഹനമോടിക്കുന്ന ഡ്രൈവർക്ക് 400 രൂപ പിഴയും ഇത് ആവർത്തിക്കുമ്പോൾ 1000 രൂപ പിഴയും ചുമത്തി വരുന്നു. ഇത്തരം കേസുകളിൽ ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റു ചെയ്യുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 669*

24.7.08-ൽ മറുപടിയ്ക്ക്

### റവന്യൂ വില്ലേജുകളുടെ അതിർത്തി പുന:സംഘടന

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ: എ.കെ.ശശീന്ദ്രൻ | ശ്രീ.കെ..പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ റവന്യൂ വില്ലേജുകളുടെ അതിർത്തികൾ പുന:സംഘടിപ്പിയ്ക്കാനു ള്ള നിർദ്ദേശങ്ങൾ പരിഗണനയിലു ണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇന്ന് നിലവിലുള്ള റവന്യൂ വില്ലേജു കൾ രൂപീകരിക്കുന്നതിന് സ്വീകരിച്ചിട്ടു ള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാ ണെന്ന് വെളിപ്പെടുത്താമോ? | (ബി) ജനസംഖ്യ, ഭൂവിസ്തൃതി, നിലവിലുള്ള ത്രിതല പഞ്ചായത്ത് സംവിധാനം, പിന്നോക്കാവസ്ഥ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ താലൂക്കുകളുടെയും വില്ലേജുകളുടെയും വിഭജനം/ രൂപീകരണം സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറേറ്റിന്റെ സഹായത്തോടെ ഒരു പഠനറിപ്പോർട്ട് തയ്യാറാക്കിയി ട്ടുണ്ട്. |

Padmaj

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

[illegible]ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 670      24-07-2008-ൽ മറുപടിക്ക്

## മേഖലാ നിയന്ത്രണത്തിൽ വരുത്തിയ മാറ്റങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.ജോർജ് മേഴ്സിയർ<br>ശ്രീ.എം.മുരളി | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) |
| (എ) ഹൈക്കോടതി ഉത്തരവനുസരിച്ച് മേഖലാ നിയന്ത്രണത്തിൽ വരുത്തിയ മാറ്റങ്ങൾ സംബന്ധിച്ച് എന്തൊക്കെ പരാതികളാണ് ഉയർന്നുവന്നിട്ടുള്ളത് ; | (എ) മേഖലാ നിയന്ത്രണങ്ങളിൽ മാറ്റം വരുത്തണമെന്ന് ബഹു.ഹൈക്കോടതി വിധി പുറപ്പെടുവിച്ചിരുന്നില്ല. അംഗീകൃത മേഖലാ നിയന്ത്രണങ്ങളിൽ നിന്ന് വ്യക്തിഗത ഇളവുകൾ നൽകാൻ സർക്കാരിന് അധികാരമില്ലെന്ന് 07.11.2005-ൽ 8740/97(എസ്) നമ്പർ ഒ.പി.യിൽ വിധി പുറപ്പെടുവിച്ചിരുന്നു. തന്മൂലം പൊതുജനങ്ങൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ധാരാളം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ നഗരങ്ങളുടെ അംഗീകൃത നഗരാസൂത്രണ പദ്ധതികളുടെ മേഖലാ നിയന്ത്രണ ചട്ടങ്ങൾ പരിഷ്കരിച്ചു വരുന്നു. മാറ്റങ്ങളുടെ കരട് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ ക്ഷണിച്ച് അവ കൂടി പരിഗണിച്ച ശേഷമാണ് അന്തിമ ഗസറ്റ് നോട്ടിഫൈ ചെയ്യുന്നത്. മേഖലാ നിയന്ത്രണങ്ങളിൽ വരുത്തിയിട്ടുള്ള ഇളവുകളുടെ അളവ് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെടുന്ന ചില പരാതികളാണ് ഉയർന്നു വന്നിട്ടുള്ളത്. |
| (ബി) ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണ് സ്വീകരിച്ചു വരുന്നത് ; | (ബി) ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് വിശദമായ പഠനം ആവശ്യമാണ്. നഗരാസൂത്രണ പദ്ധതികളിലെ ഭൂവിനിയോഗവും മേഖലാനിയന്ത്രണ ചട്ടങ്ങളും അടുത്തഘട്ടമായി പരിഷ്കരിക്കുന്ന സമയത്ത് ഇവ പരിഗണിക്കുന്നതാണ്. |

(സി) കോടതി നിർദ്ദേശം അനുസരിച്ച് മുമ്പുണ്ടായിരുന്ന മേഖലാ നിയന്ത്രണം പുനഃപരിശോധിച്ചപ്പോൾ നിലനിന്നിരുന്ന നിയന്ത്രണങ്ങളിൽ എന്തൊക്കെ മാറ്റങ്ങളാണ് വേണ്ടി വന്നത്?

(സി) വിവിധ നഗരാസൂത്രണ പദ്ധതികളുടെ പുതിയ മേഖലാ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം പ്രധാനമായും വിവിധ ഭൂവിനിയോഗ മേഖലകളിൽ മുമ്പ് അനുവദിച്ചിരിക്കുന്നതിനേക്കാൾ താരതമ്യേന കൂടുതൽ വിനിയോഗങ്ങൾ അനുവദനീയമാക്കി. ഉദാഹരണത്തിന് വ്യവസായ മേഖലയായും, ഗ്രീൻസ്ട്രിപ്പ്/ കാർഷിക മേഖലകളായി വിഭാവനം ചെയ്ത സ്ഥലങ്ങളിൽ, വീടുകൾ നിർമ്മിക്കുന്നതിന് നിബന്ധനകൾക്കുവിധേയമായി കൺകറൻസ് നൽകുന്നതിനുള്ള സംവിധാനം ചില പദ്ധതികളിൽ ഉൾപ്പെടുത്തി. വികസന പ്രവണത കണക്കിലെടുത്ത് നിർദ്ദിഷ്ട റോഡുകളുടെ പാർശ്വങ്ങളിൽ നിബന്ധനകൾക്ക് വിധേയമായി മിശ്രിത ഉപയോഗങ്ങൾ അനുവദനീയമാക്കി. തിരുവനന്തപുരം, കൊച്ചി പ്രദേശങ്ങൾക്കായി പരിഷ്ക്കരിച്ച മേഖലാ നിയന്ത്രണ ചട്ടങ്ങളിൽ പൈതൃക സംരക്ഷണ പ്രാധാന്യം ഏറ്റവും കൂടുതൽ അർഹിക്കുന്ന പ്രദേശങ്ങൾക്ക് നിർമ്മാണങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തി. വികസന സാദ്ധ്യത ഏറിയ പ്രധാന നഗരങ്ങളിൽ, തൊഴിൽ സാദ്ധ്യതയേറിയ വലിയ നിക്ഷേപങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളിലെ നിർമ്മാണങ്ങൾ നിബന്ധനകൾക്കു വിധേയമായി ശുപാർശ ചെയ്യുന്നതിന് സർക്കാരിന് കമ്മിറ്റി രൂപീകരിക്കുവാൻ വ്യവസ്ഥയുൾപ്പെടുത്തി.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 671 — 24.7.2008 ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പുകളെ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോററി<br>ശ്രീ. കെ.കെ. ദിവാകരൻ<br>ശ്രീ. വി. ശശികുമാർ<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. വി.ജെ. തങ്കപ്പൻ | ശ്രീ. മാത്യു.ടി. തോമസ്<br>(ഗതാഗതവും പ്രിൻറിംഗും സ്റേറഷനറിയും വകുപ്പ് മന്ത്രി.) |
| (എ) കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പുകളെ പുനരുജ്ജീവിപ്പിക്കുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) വർക്ക്ഷോപ്പുകൾ പുനരുജ്ജിവിപ്പിക്കുന്നതിൻെറ ഭാഗമായി ഇടക്കാലത്ത് നിർത്തിവെച്ചിരുന്ന ബോഡി ബിൽഡിംഗ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇതിൻെറ ഭാഗമായി കെ. എസ്.ആർ.ടി.സി.യുടെ അഞ്ച് വർക്ക് ഷോപ്പുകളിലും ബോഡി ബിൽഡിംഗ് ആരംഭിച്ചു. ഇതനാവശ്യമായ 58.71 ലക്ഷം രൂപയുടെ യന്ത്രസാമഗ്രികൾ വാങ്ങുകയും, ആവശ്യം വേണ്ട ജീവനക്കാരെ നിയമിക്കുകയും ചെയ്തു. 15.7.2008 വരെ 835 ബസ്സുകൾ സ്വന്തമായി ബോഡി നിർമ്മിച്ച് പുറത്തിറക്കുകയും ചെയ്തു.<br>കൂടാതെ ബോഡി ബിൽഡിംഗ് അക്രഡേഷൻ ലഭിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ബസ്സുകളുടെ ബോഡി നിർമ്മാണം സ്വന്തം വർക്ക് ഷോപ്പുകളിൽ നടത്തിയതുമൂലം കൈവരിക്കാനിടയായ നേട്ടങ്ങൾ വിശദമാക്കുമോ ; | (ബി) ബസ് ബോഡി നിർമ്മാണം കെ.എസ്. ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ ആരംഭിച്ചതോടെ എ.സി. ബസ്സുകൾ ഒഴികെ മറെറല്ലാത്തരം ബസ്സുകളുടെയും ബോഡി നിർമ്മാണം പൂർണ്ണമായി കോർപ്പറേഷൻ വർക്ക്ഷോപ്പുകളിൽ നടത്തുവാൻ സാധിക്കുന്നു. ബോഡി ബിൽഡിംഗ് പുനരാരംഭിച്ചതിനുശേഷം 15.7.2008 വരെ 835 ബസ്സുകൾ കോർപ്പറേഷൻെറ വിവിധ വർക്ക് ഷോപ്പുകളിലായി ബോഡി നിർമ്മിച്ച് നിരത്തിലിറക്കിയിട്ടുണ്ട്. കൂടുതൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പുകളിൽ ബോഡി നിർമ്മിക്കാൻ |

സാധിച്ചതുമൂലം മുൻകാലങ്ങളേക്കാൾ ബോഡി ബിൽഡിംഗ് മെററീരിയൽസി ൻെറ വിലവർദ്ധവ് ഉണ്ടായിട്ടും, ബോഡി നിർമ്മാണചെലവിൽ ഗണ്യമായ കുറവ് കൈവരിക്കുവാൻ സാധിച്ചു.

സൂപ്പർ ഫാസ്റ്റ് ബസ്സൊന്നിന് ശരാശരി 4,15,250 രൂപയും, ഫാസ്റ്റ് പാസഞ്ചർ ബസ്സൊന്നിന് ശരാശരി [illegible] രൂപയും, മലബാർ ബസ്സൊന്നിന് ശരാശരി 3,87,873 രൂപയും, ഓർഡിനറി കട്ട് ചേസിസ് ലൈലാൻറ് ബസ്സൊന്നിന് 2,99,875 രൂപയും, ടാററായ്ക്ക് 2,97,805 രൂപയുമാണ് ഓവർഹെഡടക്കം ചെലവായിരിക്കുന്നത്. ഇപ്പോൾ ഈ വകയിൽ ബോഡി നിർമ്മാണം കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പു കളിൽ നടത്താൻ കഴിയുന്നതുമൂലം ഉദ്ദേശം 8.10 കോടിയോളം രൂപ ലാഭമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ബസ്സുകളുടെ അററകുററപണികൾ യഥാസമയം നിർവ്വഹിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) അററകുററപ്പണികൾ യഥാസമയം നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

(ഡി) കൂടുതൽ റിപ്പയറുകൾ ആവശ്യ മായതും ആദായകരമല്ലാത്തതുമായ ബസ്സുകൾ വില്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഡി) പത്ത് (10) വർഷമോ, 10 ലക്ഷം കി.മീററ റിൽ കൂടുതലോ പൂർത്തിയാക്കിയതും, ലാഭകരമായി അററകുററപണികൾ നടത്താൻ കഴിയാത്തതുമായ ബസ്സുകൾ സ്ക്രാപ്പ് ചെയ്ത് ലേലം ചെയ്യുന്നതി നുള്ള നടപടികൾ നിലവിലുണ്ട്. ഇപ്രകാരം 2008 ജനുവരിക്കുശേഷം 397 ബസ്സുകൾ പിൻവലിച്ചിട്ടുണ്ട്. ഇതിൽ ലാഭകരമായി അററകുററപണികൾ നടത്താൻ കഴിയാത്ത 83 ഐഷർ മിനി ബസ്സുകൾ ഉൾപ്പെടും.

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 672 — 24.7.2008-ലെ മറുപടിക്ക്

## മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചെന്താമരാക്ഷൻ<br>ശ്രീ. ജോസഫ്.എം.പുതുശ്ശേരി<br>ശ്രീ. ആർ.ശെൽവരാജ്<br>ശ്രീ. പി .കൃഷ്ണപ്രസാദ് | ശ്രീ .മാത്യു .ടി. തോമസ്.<br>(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനംകാര്യക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റുകൾ കാര്യക്ഷമമായാണ് പ്രവർത്തിക്കുന്നത് എന്നാണ് വിലയിരുത്തിയിട്ടുള്ളത്. 2007 2008 കാലയളവിൽ ചെക്ക് പോസ്റ്റുകൾ വഴി 20,23,63,354/ രൂപ വരുമാനം ഉണ്ടാക്കിയിട്ടുണ്ട്. |
| (ബി) ഇവ കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) ചെക്ക് പോസ്റ്റുകളുടെ കാര്യക്ഷമത കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമായി 'നാറ്റ്പാക്ക്' പഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. കൂടാതെ ചെക്ക് പോസ്റ്റുകൾക്ക് ആവശ്യമായ സ്ഥലം വാങ്ങുന്നതിനും കെട്ടിടം പണിയുന്നതിനും 50 ലക്ഷം [illegible] |

രൂപ ഈ വർഷത്തെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

സെയിൽസ് ടാക്സ്, വനം, എക്സൈസ് എന്നീ വകുപ്പുകൾ ചേർന്ന് വാളയാർ ചെക്ക് പോസ്റ്റിനെ ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് ആക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. ചെക്ക് പോസ്റ്റുകളിലെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും കൂടുതൽ നന്നായി പ്രവർത്തിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ചെക്ക് പോസ്റ്റുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് നാട്പാക്ക് പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(സി) ഉണ്ട്. ചെക്ക് പോസ്റ്റുകളിലെ നടപടി ക്രമങ്ങൾ ലളിതവത്ക്കരിക്കുക, റവന്യൂ വരുമാനം കൂട്ടുക, കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുക, തുടങ്ങിയ ഉദ്ദേശ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നാട്പ്പാക്ക് റിപ്പോർട്ടിൽ പരാമർശിക്കുന്നു.

(1) ഒരു വെബ് ക്യാമറ/ ഇമേജ് പ്രോസസിംഗ് ഡിവൈസ് ചെക്ക് പോസ്റ്റിൽ

സ്ഥാപിക്കുകയും നെറ്റ് വർക്കിംഗ് മുഖേന 'സെൻട്രൽ ഡേറ്റാ ബേസ് സെന്ററുമായി' യോജിപ്പിക്കുകയും വേണം.

(2) രജിസ്ട്രേഷൻ നമ്പർ പ്രധാന രേഖയായി സ്വീകരിച്ചു കൊണ്ട് വിവരങ്ങൾ സെൻട്രൽ ഡേറ്റാ ബേസിൽ നിന്നും സ്വീകരിക്കുവാൻ കഴിയണം.

(3) ഇലക്ട്രോണിക് വേബ്രിഡ്ജ് ഉപയോഗിച്ച് വെയ്റ്റ് കണക്കാക്കുകയും ഓവർ ലോഡിംഗ് ഉണ്ടെങ്കിൽ 'ഓട്ടോമാറ്റിക്' ആയി ഫൈൻ ഈടാക്കാനുള്ള ഡിമാന്റ് നോട്ട് പുറപ്പെടുവിക്കാൻ കഴിയണം

(4) 'സെൻട്രൽ ഡേറ്റാ ബേസ് സിസ്റ്റത്തിൽ നിന്നും വണ്ടിയുടെ 'മേക്ക് ', പെർമിറ്റ് കാലാവധി / ടാക്സ്, ഇൻഷ്വറൻസ് എന്നിവയെ സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാം തന്നെ അറിയാൻ കഴിയണം.

(5) ഒരു വാഹനം ചെക്ക് പോസ്റ്റ് കൗണ്ടറിൽ വന്നു കഴിഞ്ഞാൽ അൺലാഡൻ വെയ്റ്റ് ആക്ചൽ ലോഡ്/ ചരക്കു വാഹനമാണെങ്കിൽ വാഹനത്തിലുള്ള ചരക്കിന്റെ വെയ്റ്റ്, അധിക ലോഡ് ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ എല്ലാം തന്നെ ഡ്രൈവർക്ക് ലഭ്യമാക്കാൻ കഴിയും. അങ്ങനെ എല്ലാ നടപടികളും സുതാര്യവൽക്കരിക്കുവാൻ സാധിക്കണം.

(6) ടാക്സ് ടോക്കൺ, ഇൻഷ്വറൻസ്,വാഹനത്തിന്റെ ഫിസിക്കൽ ഫീച്ചേഴ്സ് എന്നിവയെല്ലാം തന്നെ പരിശോധിക്കപ്പെടും. ഇവയിൽ ഏതെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ ആയത് 'റിക്കോർഡ്' ചെയ്യപ്പെടും

(7) ഫൈൻ ഉണ്ടെങ്കിൽ അവ അടയ്ക്കുകയും ഡോക്യുമെന്റുകൾ ക്ലീയർ ചെയ്യുകയും ചെയ്യുന്ന മുറയ്ക്ക് വാഹനങ്ങൾ കടത്തിവിടുകയും ചെയ്യണം.

(8) പെനാൽട്ടി

| | | |
|---|---|---|
| | | അടയ്ക്കാതിരിക്കുകയോ ശരിയായ ഡോക്യുമെന്റുകൾ ഹാജരാക്കാതിരിക്കുകയോ ചെയ്താൽ വാഹനങ്ങൾ ഒരു പ്രത്യേക 'സ്ലോട്ടിലേക്ക്' മാറ്റുകയും അനന്തര നടപടികൾ മോട്ടോർ വാഹനവകുപ്പ് കൈക്കൊള്ളുകയും ചെയ്യണം. |
| (ഡി) | വേ ബ്രിഡ്ജ് പോലുള്ള സംവിധാനങ്ങൾ ചെക്ക് പോസ്റ്റുകളിൽ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.673 24 7-2008-ൽ മറുപടിക്ക്

**ഖരമാലിന്യ സംസ്കരണ പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ.അജിത് | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) ജില്ലകൾതോറും ഖരമാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പൂർണ്ണ ശുചിത്വ പരിപാടിയുടെ ഘടകമായ ഖരദ്രവ മാലിന്യ പരിപാലനത്തിനായി 14 ജില്ലകൾക്കായി ഗ്രാമപ്രദേശങ്ങളിൽ ശുചിത്വ പദ്ധതികൾ തയ്യാറാക്കുന്നതിനായി 19.89 കോടി രൂപ വിനിയോഗിക്കുന്നതാണ്. കൂടാതെ നഗരസഭകൾക്കും നഗരസ്വഭാവമുള്ള പഞ്ചായത്തുകൾക്കും ഖരമാലിന്യ സംസ്കരണത്തിനായി ഈ വർഷം സംസ്ഥാന ബഡ്ജറ്റ് ഫണ്ടിൽ നിന്നും 200 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്. ഈ രണ്ടു ഘടകങ്ങൾക്കും പുറമെ ശുചിത്വ പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതയിൽപ്പെട്ട ഒരു ഇനമാകയാൽ ഈ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും തനത് ഫണ്ടിൽ നിന്നും ഇത്തരം പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിലെ ശുചീകരണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി 14 ജില്ലകളും കേന്ദ്രീകരിച്ച് ദ്വിദിന പ്രോജക്ട് |

ശിൽപശാല സംഘടിപ്പിച്ചു. ഇതിനെത്തുടർന്ന് പ്രോജക്റ്റുകൾ ഉണ്ടാക്കുന്നതിനായി പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രോജക്റ്റ് ക്ലിനിക്കുകളും സംഘടിപ്പിച്ചുവരുന്നു.

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിലായി മാലിന്യ സംസ്കരണത്തിനായി തുടങ്ങിയ പദ്ധതികൾ പലതും മുടങ്ങിക്കിടക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ 4 കോർപ്പറേഷനുകളിൽ പദ്ധതികൾ പൂർത്തിയായിട്ടുണ്ട് കൊല്ലം കോർപ്പറേഷന്റെ പദ്ധതി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ആകെയുള്ള 53 നഗരസഭകളിൽ 17 എണ്ണത്തിലും പദ്ധതികൾ പൂർത്തിയായി. 13 നഗരസഭകളിൽ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. 19 നഗരസഭകളിൽ പണി ആരംഭിക്കേണ്ടതുണ്ട്. 4 നഗരസഭകൾ പ്രോജക്റ്റ് തയ്യാറാക്കേണ്ടതുണ്ട്. 63 ഗ്രാമപഞ്ചായത്തുകളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചുവരുന്നു. ഖരമാലിന്യ സംസ്കരണ പദ്ധതികൾ മുടങ്ങുന്നതിനുള്ള പ്രധാന കാരണം സ്ഥല ദൗർലഭ്യതയും പരിസരവാസികളുടെ എതിർപ്പുമാണ്. പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുത്താലും പരിസരവാസികളുടെ എതിർപ്പുമൂലം പല പദ്ധതികളും ഉപേക്ഷിക്കേണ്ടിവരുന്നു. എന്നിരുന്നാലും പണി മുടങ്ങിക്കിടക്കുന്നതും പണി ആരംഭിക്കേണ്ടതുമായ നഗരസഭകളിലേയും പഞ്ചായത്തുകളിലേയും പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| (സി) പഞ്ചായത്തുകളിൽ ശുചീകരണ പ്രവർത്തന ങ്ങൾക്ക് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ജനസംഖ്യ കൂടുതലുള്ള പഞ്ചായത്തുകളിലെങ്കിലും ശുചീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ? | (സി) ഉണ്ട്. ജനസംഖ്യ കൂടുതൽ ഉള്ളതും, നഗരസ്വഭാവമുള്ളതുമായ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ശുചീകരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇത്തരത്തിലുള്ള പഞ്ചായത്തുകളുടെ പ്രധാന തെരുവുകൾ അടിച്ചുവാരുന്നതിന് കുടുംബശ്രീയുടെ സഹായം തേടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മാലിന്യമുക്തകേരളം പരിപാടിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സന്നദ്ധ/ആരോഗ്യ പ്രവർത്തകരുടെ സ്ക്വാഡുകൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ, കൊതുകുനശീകരണ പ്രവർത്തനങ്ങൾ എന്നിവ നടന്നുവരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 674– 24.7.2008 – ൽ മറുപടിയ്ക്ക്

### പെൻഷൻകാർക്ക് ട്രഷറികളിൽ നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. തോമസ് ചാഴികാടൻ | ധനകാര്യ വകുപ്പ് മന്ത്രി |

| | | |
|---|---|---|
| എ) | ട്രഷറികളിൽ പെൻഷൻവാങ്ങുന്നതിലേക്കായി ദീർഘനേരം കാത്തു നിൽക്കേണ്ടി വരുന്ന ദു:സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ഉണ്ട് |
| ബി) | പല ട്രഷറികളിലും സ്ഥലപരിമിതി, പ്രാഥമികാവശ്യത്തിനുള്ള അടിസ്ഥാന സൗകര്യമില്ലായ്മ, പൊരിവെയിലിൽ വളരെ നേരം കാത്തു നിൽക്കേണ്ടതായി വരിക മുതലായ പ്രശ്നങ്ങൾ സത്വരമായി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മകൾ കൊണ്ടുണ്ടാകുന്ന ഇത്തരം പ്രശ്നങ്ങൾ പ്രാദേശിക സർക്കാരുകളുടെയും (LSG) വിവിധ സംഘടനകളുടേയും സഹകരണത്തോടെ ചില ട്രഷറികളിൽ ഇതിനോടകം പരിഹരിച്ചു കഴിഞ്ഞിട്ടുണ്ട്. ബാക്കി ട്രഷറികളിലും ഈ വിധത്തിൽ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| [illegible] | ട്രഷറികളിലെ പെൻഷൻ വിതരണത്തി നുള്ള കാലതാമസം ഒഴിവാക്കുവാൻ വേണ്ട സജ്ജീകരണങ്ങൾ ഏർപ്പെടുത്തുമോ? | പെൻഷൻ വിതരണത്തിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി എല്ലാ ട്രഷറികളിലും ടെല്ലർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം ഏർപ്പെടുത്തിയതോടെ ട്രഷറികളിലെ തിരക്കും പെൻഷൻകാരുടെ അനിശ്ചിതമായ കാത്തു നിൽപ്പും കുറഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 675 — 24.7.2008 ൽ മറുപടിക്ക്

## വാറ്റ് ഉന്നതാധികാര സമിതി യോഗം

ചോദ്യം

ശ്രീ. രാജു എബ്രഹാം
ശ്രീ. ബി. രാഘവൻ
ശ്രീ. എം. പ്രകാശൻ മാസ്റ്റർ
ശ്രീ. കെ.വി. കുഞ്ഞിരാമൻ
ശ്രീ. അൽഫോൺസ് കണ്ണന്താനം

ഉത്തരം

ഡോ.ടി. എം. തോമസ് ഐസക്ക്
(ധനകാര്യ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) തിരുവനന്തപുരത്തു ചേർന്ന വാറ്റ് ഉന്നതാധികാര സമിതി യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമാണ്; | (എ) കേന്ദ്രവില്പന നികുതി ഘട്ടം ഘട്ടമായി നിർത്തലാക്കുമ്പോൾ ഉണ്ടാവുന്ന നികുതി നഷ്ടം പരിഹരിക്കാനായി തുണിത്തരങ്ങൾക്ക് നികുതി ഏർപ്പെടുത്താനും നിലവിലുള്ള 4% നിരക്ക് 5% ആയി ഉയർത്താനുമുള്ള നിർദ്ദേശം സംസ്ഥാനങ്ങൾ അംഗീകരിക്കാത്ത സാഹചര്യത്തിൽ എടുത്ത തീരുമാനങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു. |
| (ബി) നികുതി പരിഷ്ക്കരണത്തിന്റെ ഭാഗമായി വാറ്റിനുപകരം ഉൽപ്പന്ന സേവന നികുതി നടപ്പാക്കുന്നതിനുള്ള നിർദ്ദേശം യോഗം പരിഗണിച്ചിട്ടുണ്ടോ; | (ബി) ഉല്പ്പന്ന സേവന **നികുതി നടപ്പാക്കുന്ന**തുമായി ബന്ധപ്പെട്ട് ഒരു മാതൃകാ രൂപരേഖ കേന്ദ്ര സർക്കാരിനു സമർപ്പിച്ച കാര്യവും ഇതുമായി ബന്ധപ്പെട്ട് ബഹു: കേന്ദ്രധനകാര്യ മന്ത്രിയുമായി നടത്തിയ ചർച്ചകളെ സംബന്ധിച്ചും യോഗത്തിൽ ചെയർമാൻ വിശദീകരിക്കുകയുണ്ടായി. ഇതു പരിശോധിച്ച ശേഷം കേന്ദ്രസർക്കാരിന്റെ കാഴ്ചപ്പാട് യോഗത്തെ അറിയിക്കാമെന്ന് ബഹു: ധനകാര്യമന്ത്രി അറിയിച്ചതായും ചെയർമാൻ സൂചിപ്പിച്ചിട്ടുണ്ട്. ഇതു ലഭിച്ചു കഴിഞ്ഞാൽ **ഉന്നതാധികാര സമിതി ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തശേഷം മാത്രമേ ഇതു സംസ്ഥാനങ്ങളിൽ നടപ്പാക്കുന്നതിനെ കുറിച്ച് തീരുമാനമെടുക്കുകയുള്ളൂ.** |

തുടരും....2

(സി) ഈ നിർദ്ദേശം നടപ്പാക്കിയാൽ സംസ്ഥാനത്തിന് എന്തെല്ലാം നേട്ടം കൈവരിക്കാനാകും;

(സി) ഉല്പന്ന സേവന നികുതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അതിന്റെ പ്രാരംഭ ഘട്ടത്തിൽ എത്തിയിട്ടേയുള്ളൂ. ഇതു നടപ്പിലാക്കിയാൽ സംസ്ഥാനത്തിന് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനാകും എന്ന കാര്യം ഇപ്പോൾ വിശദീകരിക്കാനാവില്ല.

(ഡി) വാറ്റ് നടപ്പാക്കിയതുമൂലം സംസ്ഥാനത്ത് നികുതി വരുമാനത്തിൽ എന്ത് വർദ്ധനവ് ഉണ്ടായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

(ഡി) വാറ്റ് നടപ്പാക്കിയതുമൂലം സംസ്ഥാനത്ത് നികുതിവരുമാനത്തിൽ ഉണ്ടായ വർദ്ധനവ് ചുവടെ ചേർക്കുന്നു.

| വർഷം | നികുതിവരുമാനത്തിൽ ഉണ്ടായ വർദ്ധനവ് (കോടി രൂപയിൽ) |
|---|---|
| 2005..06 | 336.91 |
| 2006..07 | 1648.86 |
| 2007..08 | 998.52 |

സെക്ഷൻ ഓഫീസർ.

അസംബ്ലി ലൈബ്രറിയിൽ വയ്ക്കാൻ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 676 — 24/7/2008-ൽ മറുപടിയ്ക്ക്

## ടെക്നോസിറ്റിക്കായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ

**ചോദ്യം**

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
ശ്രീ. ആനത്തലവട്ടം ആനന്ദൻ
ശ്രീ. വി. ശിവൻകുട്ടി
ശ്രീ. എ. എം. ആരിഫ്

**ഉത്തരം**

ശ്രീ. കെ. പി. രാജേന്ദ്രൻ
(റവന്യൂ വകുപ്പ് മന്ത്രി)

എ) ടെക്നോസിറ്റിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കുന്നത്;

എ) ടെക്നോസിറ്റിക്കായി പള്ളിപ്പുറം, അണ്ടൂർക്കോണം, മേൽതോന്നയ്ക്കൽ, വെയിലൂർ വില്ലേജുകളിൽ നിന്നായി 182.5902 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുന്നത്. ആദ്യഘട്ടമായി പള്ളിപ്പുറം വില്ലേജിലെ 204 ഏക്കർ സ്ഥലത്തിന്റെ വില വസ്തു ഉടമകളുമായി ധാരണയിലെത്തിയിട്ടുണ്ട്. ഇതിൽ 62 ഏക്കർ സ്ഥലം വിലയാധാരം രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ബാക്കി 142 ഏക്കർ സ്ഥലത്തിന്റെ വിലയാധാരം നടന്നുകൊണ്ടിരിക്കുന്നു. മറ്റ് മൂന്നു വില്ലേജുകളിലെ സർവ്വേ നടപടികൾ, മഹസ്സർ തയ്യാറാക്കുന്ന ജോലി, എന്നിവ അന്തിമ ഘട്ടത്തിലാണ്.

ബി) വില നിശ്ചയിച്ചതിലെ മാനദണ്ഡം എന്താണ്;

സി) ഭൂമിയുടെ ന്യായവില നിർണ്ണയവുമായി ബന്ധപ്പെടുത്തി സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

ബി) & സി) ലാന്റ് അക്വിസിഷൻ ആക്ടിലെ പൊന്നുംവില നിയമ പ്രകാരം 4(1) വിജ്ഞാപനത്തിന്റെ പരസ്യതീയതി മുതൽ പുറകോട്ടുള്ള 3 വർഷത്തെ രജിസ്റ്റർ ആക്കിയിട്ടുള്ള വിലയാധാരങ്ങൾ പരിശോധിച്ച് അവയിൽ നിന്നും പൊന്നുംവില ഭൂമിയോട് സമാനതയുള്ള ആധാരങ്ങൾ തിരഞ്ഞെടുത്ത് പ്രസ്തുത ആധാരങ്ങൾ അടിസ്ഥാനമാക്കിയാണ് വില നിർണ്ണയിച്ചിട്ടുള്ളത്. ടെക്നോസിറ്റിക്കായി ആദ്യഘട്ട സ്ഥലമെടുപ്പ് എന്ന നിലയിൽ പള്ളിപ്പുറം വില്ലേജിൽ പൊന്നുംവിലയ്ക്കെടുക്കുന്ന സ്ഥലങ്ങളുടെ ഭൂവുടമകളുമായി നെഗോഷ്യേഷന് ധാരണയായിട്ടുണ്ട്. മറ്റു മൂന്ന് വില്ലേജുകളിലെ സ്ഥല ഉടമകളുമായി വില സംബന്ധിച്ച ചർച്ചകൾ നടക്കാനിരിക്കുന്നതേയുള്ളൂ. ഏറ്റെടുക്കുന്ന ഭൂമികളുടെ കിടപ്പും പ്രാധാന്യവും തരവും അനുസരിച്ച് പല കാറ്റഗറികളിലായി തരംതിരിച്ച് വില നിർണ്ണയിച്ചിട്ടുണ്ട്. ടി വിലയുടെ അടിസ്ഥാനത്തിൽ കക്ഷികളുമായി കൂടിക്കാഴ്ച നടത്തി ഡിസ്ട്രിക്റ്റ് ലെവൽ പർച്ചേസ് കമ്മിറ്റി ശുപാർശ ചെയ്ത വിലകൾ സ്റ്റേറ്റ് ലെവൽ പർച്ചേസ് കമ്മിറ്റിയുമായി കൂടിയാലോചിച്ച് അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് നെഗോഷ്യേഷൻ നടക്കുന്നത്.

| | |
|---|---|
| ഡി) സ്ഥലം ഏറ്റെടുക്കുമ്പോൾ എത്ര പേർക്ക് വീടുകൾ നഷ്ടപ്പെടുമെന്ന് അറിയിക്കുമോ ; | ഡി) ഇപ്പോഴത്തെ കണക്കനുസരിച്ച് 95 പേർക്ക് വീടുകൾ നഷ്ടപ്പെടുമെന്ന് കണക്കാക്കപ്പെടുന്നു. |
| ഇ) വസ്തു ഏറ്റെടുക്കുന്നതിനു മുമ്പ് ഇവരെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | ഇ) ആവശ്യമായ ചർച്ചകൾ നടത്തി പുനരധിവാസ നടപടികൾ നിശ്ചയിച്ചശേഷമേ കുടിയൊഴിപ്പിക്കൽ നടപടികൾ തുടങ്ങുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.677 — 24.07.2008-ലെ മറുപടിക്ക്

## "പ്രത്യേക എഞ്ചിനീയറിംഗ് സർവ്വീസ് രൂപീകരിക്കുന്നതിന് നടപടി"

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശ സ്ഥാപനങ്ങളുടെ മരാമത്ത് ജോലികൾ നിർവ്വഹിക്കുന്നതിന് പ്രത്യേക എഞ്ചിനീയറിംഗ് സർവ്വീസ് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) | 13.11.2007 തീയതിയിലെ ജി.ഒ (എം.എസ്) നമ്പർ 253/2007/തസ്വഭവ സർക്കാർ ഉത്തരവു പ്രകാരം പൊതുമരാമത്ത്, ജലവിഭവ എന്നീ വകുപ്പുകളിൽനിന്നും പുനർ വിന്യസിക്കപ്പെട്ട എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ, തദ്ദേശ സ്വയംഭരണ വകുപ്പിലെ ബ്ലോക്ക് പഞ്ചായത്ത്, ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് എന്നിവിടങ്ങളിലെ കേഡർ പോസ്റ്റിൽ ജോലി ചെയ്തു വരുന്ന എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ,നഗരസഭകളിലെ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ, പഞ്ചായത്തു വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ എന്നിവരെ ഉൾപ്പെടുത്തി 1.1.2008 പ്രാബല്യത്തിൽ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് സർവ്വീസ് രൂപീകരിച്ചിട്ടുണ്ട്.<br><br>നടപടിക്രമങ്ങൾ പൂർത്തിയാക്കി കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരത്തോടെ കേരളാ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് സർവ്വീസസ് 2007, കേരളാ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസസ് 2007 എന്നിവയ്ക്ക് സ്പെഷ്യൽ റൂളുകൾ തയ്യാറാക്കി 27.11.2007-ൽ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ അവർക്കു നൽകുന്ന ചുമതലകൾ എന്തെല്ലാമാണ്; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി പ്രവർത്തനങ്ങളുടെ ആസൂത്രണം , നടത്തിപ്പ്, മോണിറ്ററിംഗ് എന്നീ കാര്യങ്ങളിൽ പഞ്ചായത്തിനെ സഹായിക്കുകയാണ് പ്രധാനമായും തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ചുമതല. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി , ഗ്രാമ പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ കേരള കെട്ടിട നിർമ്മാണ ചട്ടപ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് ബന്ധപ്പെട്ട സെക്രട്ടറിമാരെ സഹായിക്കുക, ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുക, സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുക എന്നിവ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ചുമതലയാണ്. ദാരിദ്ര്യ നിർമ്മാർജ്ജന വിഭാഗത്തിൽ പ്രവർത്തിക്കുന്ന എഞ്ചിനീയർമാർ SGRY, PMGSY തുടങ്ങിയ കേന്ദ്ര സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. ചുമതലകളേൽപ്പിക്കുന്ന പക്ഷം എം.പി.ഫണ്ട്, എം.എൽ.എ. ഫണ്ട്. എന്നിവ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളും ഈ വിഭാഗം ചെയ്തു വരുന്നു. എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ വിവിധ സാങ്കേതിക പദ്ധതികളുടെ കൺവീനർമാരായും പ്രവർത്തിച്ചു വരുന്നു. |
| (സി) | ഓരോ പഞ്ചായത്തിലും ഈ വിഭാഗത്തിൽ എത്രപേർ ഉണ്ടാകും; | (സി) | തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് കേഡറിന്റെ സ്റ്റാഫ് പാറ്റേൺ താഴെപ്പറയും പ്രകാരമാണ് |

| | |
|---|---|
| ചീഫ് എഞ്ചിനീയർ | 1 |
| സൂപ്രണ്ടിംഗ് എഞ്ചിനീയർ | 8 |
| എക്സി.എഞ്ചിനീയർ | 45 |
| അസി.എക്സി.എഞ്ചിനീയർ | 162 |
| അസി.എഞ്ചിനീയർ | 777 |
| ഓവർസിയർ ഗ്രേഡ് I | 786 |
| ഓവർസിയർ ഗ്രേഡ് II | 747 |
| ഓവർസിയർ ഗ്രേഡ് III | 1169 |
| ആകെ | 3695 |

| | |
|---|---|
| | രണ്ട് ഗ്രാമ പഞ്ചായത്തുകളുടെ ചുമതലയാണ് ഒരു അസിസ്റ്റന്റ് എഞ്ചിനീയർ വഹിക്കുന്നത്. ഇദ്ദേഹത്തിനു കീഴിൽ മൂന്ന് ഓവർസീയർമാരും ഒരു ക്ലാർക്കുമാണ് ഉള്ളത്. |
| (ഡി) എഞ്ചിനീയറിംഗ് സർവ്വീസ് എന്നുമുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) 1.01.2008 പ്രാബല്യത്തിൽ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 678 -ാം നമ്പർ ചോദ്യം 24.07.2008 -ലെ മറുപടിക്ക്

അടിസ്ഥാന സൗകര്യ വികസനത്തിന് നബാർഡ് സ്പെഷ്യൽ പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീമതി കെ.കെ. ലതിക<br>ശ്രീ. കെ.ടി. ജലീൽ | ഡോ. റ്റി.എം. തോമസ് ഐസക്<br>ബഹു. ധനകാര്യ വകുപ്പു മന്ത്രി |
| എ) അടിസ്ഥാന സൗകര്യ വികസനത്തിന് നബാർഡ് സ്പെഷ്യൽ പാക്കേജ് അനുവദിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | ഉണ്ട്. നബാർഡ് നടപ്പ് സാമ്പത്തിക വർഷം ആർ.ഐ.ഡി.എഫ്. പതിന്നാലിൽ ഉൾപ്പെടുത്തി കേരളാ വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന 449.89 കോടി രൂപയുടെ 36 ശുദ്ധജല വിതരണ പദ്ധതികൾ സ്പെഷ്യൽ പാക്കേജായി അനുവദിച്ചിട്ടുണ്ട്. |
| ബി) ഈ തുക ഏതെല്ലാം പദ്ധതികൾക്കായി വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്; | അനുബന്ധം 1 -ൽ കൊടുത്തിരിക്കുന്ന പദ്ധതികൾക്ക് വിനിയോഗിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്. |
| സി) വ്യാവസായികാവശ്യങ്ങൾക്ക് കടൽ നികത്തി ഭൂമി കണ്ടെത്താനുള്ള പദ്ധതിയ്ക്ക് വായ്പ നൽകാമെന്ന് നബാർഡ് അറിയിച്ചിട്ടുണ്ടോ; | ഇല്ല. |
| ഡി) ഈ പദ്ധതി നടപ്പാക്കുന്നതിന് ഏതെല്ലാം പ്രദേശങ്ങളാണ് പരിഗണനയിലുള്ളത്; | ബാധകമല്ല |
| ഇ) നബാർഡ് വായ്പയുടെ ഫലപ്രദമായ വിനിയോഗത്തിന് കൈക്കൊള്ളുന്ന നടപടികൾ വിശദമാക്കുമോ; | ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മൂന്നു മാസത്തിലൊരിക്കൽ ഹൈപവർ കമ്മിറ്റി മീറ്റിംഗ് കൂടി പദ്ധതി പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥർക്കും വകുപ്പ് മേധാവികൾക്കും നൽകുന്നു.<br>നബാർഡ് വായ്പയുടെ ഫലപ്രദമായ വിനിയോഗത്തിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ വകുപ്പ് മേധാവികൾക്കും പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥർക്കും നൽകിക്കൊണ്ട് കാലാകാലങ്ങളിൽ സർക്കാർ തലത്തിൽ സർക്കുലറുകളും ഉത്തരവുകളും പുറപ്പെടുവിക്കുന്നു. ഇത്തരത്തിൽ അവസാനമായി പുറപ്പെടുവിച്ചിട്ടുള്ളത് 13.5.2008-ലെ 19/08/ധന. സർക്കുലറാണ്. |

(അനുബന്ധം നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്)

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 679 — 24.07.2008 ൽ മറുപടിയ്ക്ക്

### പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൽപ്പാദന മേഖലയ്ക്ക് പ്രാമുഖ്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ജെ.തങ്കപ്പൻ<br>ശ്രീ.കെ.സി.രാജഗോപാലൻ<br>പ്രൊഫ.സി.രവീന്ദ്രനാഥ് | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) | |
| (എ) | പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൽപ്പാദന മേഖലയ്ക്ക് പ്രാമുഖ്യം നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച് തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ത്രിതല പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ 40 ശതമാനത്തിൽ കുറയാതെ ഉൽപാദന മേഖലയ്ക്ക് വകയിരുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പഞ്ചായത്തുകളുടെ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിലെ കാല താമസം ഒഴിവാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (സി) | 2008-09 വാർഷിക പദ്ധതി രണ്ട് ഘട്ടമായി തയ്യാറാക്കി അംഗീകാരം വാങ്ങുന്ന രീതിയിൽ നടപടിക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. മഴക്കാലത്ത് നടപ്പാക്കേണ്ട കാർഷിക പരിപാടികൾ, മഴക്കാലത്തിന് മുൻപ് ചെയ്ത് തീർക്കേണ്ട മെയിന്റനൻസ് പ്രോജക്ടുകൾ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, അനിവാര്യ ചുമതലയുടെ നിർവഹണം, മറ്റ് അടിയന്തിര പ്രാധാന്യമുള്ള പ്രോജക്ടു |

കൾ എന്നിവയാണ് ഒന്നാംഘട്ടത്തിൽ നിർദ്ദേശിച്ചിരുന്നത്. അതുപ്രകാരം പ്രധാനമായും കൃഷി, ഭവന നിർമ്മാണം, കുടിവെള്ള കിണറുകൾ , ശുചിത്വം, വിദ്യാഭ്യാസം , ആരോഗ്യം , സംയോജിത ശിശുവികസന പരിപാടി, സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പരിപാടി. ആശുപത്രികൾ - സ്കൂളുകൾ - അംഗൻ വാടികൾ എന്നിവയുടെ മെയിന്റനൻസ് പ്രോജക്റ്റുകൾ എന്നീ മേഖലകളിലെ പ്രോജക്റ്റുകളാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒന്നാം ഘട്ട പ്രോജക്റ്റുകൾക്ക് 2008 മേയ് 31-നകമാണ് അംഗീകാരം നേടേണ്ടി യിരുന്നത്. രണ്ടാം ഘട്ട പ്രോജക്റ്റുകൾക്ക് 2008 ജൂലൈ - ആഗസ്റ്റ് മാസങ്ങളിലായി അംഗീകാര നടപടികൾ പൂർത്തി യാക്കുന്ന തരത്തിൽ കലണ്ടർ നിശ്ചയി ച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.680 — 24.7.2008 -ൽ മറുപടിക്ക്

### 'തലസ്ഥാന നഗര വികസന പരിപാടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. വി.ശിവൻകുട്ടി<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീമതി. ജെ.അരുന്ധതി<br>ശ്രീ.ആർ.സെൽവരാജ് | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) തലസ്ഥാന നഗര വികസന പരിപാടി പ്രകാരം നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; | (എ) തലസ്ഥാന നഗര വികസന പരിപാടി പ്രകാരം നടന്നുവരുന്ന പ്രവർത്തനങ്ങൾ അനുബന്ധം ഒന്ന് ആയി ചേർത്തിരിക്കുന്നു. |
| (ബി) പദ്ധതിയിൽ എന്തെല്ലാം പരിപാടികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; | (ബി) തലസ്ഥാന മേഖലാ വികസന പദ്ധതി വിഭാവനം ചെയ്തിരുന്ന പരിപാടികൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |
| (സി) ഖരമാലിന്യ മാനേജ്മെന്റിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (സി) ഖരമാലിന്യ നിർമ്മാർജ്ജനത്തിനും സംസ്ക്കരണത്തിനും ആവശ്യമായ ധനസഹായം തലസ്ഥാന മേഖലാ വികസന പരിപാടി വഴി തിരുവനന്തപുരം നഗരസഭക്ക് നൽകി വരുന്നു. Engineering Land fill site ന് നിശ്ചയിക്കപ്പെട്ട സ്ഥലത്ത് നിലവിലുള്ള അജൈവ മാലിന്യങ്ങൾ മാറ്റുന്നതിന് 200 ലക്ഷം രൂപയും ടിപ്പർ ലോറി, ആട്ടോ ടിപ്പർ, മറ്റു സാധന സാമഗ്രികൾ, മുതലായവ വാങ്ങുന്നതിനും വാഹനങ്ങൾ റിപ്പയർ ചെയ്തതിനും 12995219 രൂപയും തിരുവനന്തപുരം നഗരസഭയ്ക്കു നൽകിയിട്ടുണ്ട്. കൂടാതെ വിളപ്പിൽശാലയിലെ ഖരമാലിന്യ സംസ്ക്കരണശാല |

വാങ്ങുന്നതിന് തിരുവനന്തപുരം നഗരസഭയ്ക്ക് 2007-08 ൽ 513 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(ഡി) പദ്ധതിയുടെ ഭാഗമായി ബസ് ടെർമിനലുകൾ ആരംഭിക്കാനുള്ള പദ്ധതിയുടെ സ്ഥിതി എന്താണ്;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിലേക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ടു തയ്യാറാക്കി ടെണ്ടർ വിളിച്ചെങ്കിലും അതിലെ ചില നിബന്ധനകൾ സ്വീകാര്യമല്ലാത്തതിനാൽ എംപവേർഡ് കമ്മിറ്റി ടെണ്ടർ അംഗീകരിച്ചില്ല. തുടർന്ന് ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഒരു സ്പെഷ്യൽ പർപ്പസ് കമ്പനി ജി.ഒ.(എം.എസ്) നമ്പർ.20/2006/ ട്രാൻ തീയതി 16.3.06 ആയി രൂപീകരിച്ചിട്ടുണ്ട്. ഈഞ്ചയ്ക്കലിലുള്ള ബസ് ടെർമിനലിന്റെ ഭൂമി ഏറ്റെടുക്കൽ പൂർത്തിയായി വരുന്നു. ഈ ഇനത്തിൽ തലസ്ഥാന വികസന പദ്ധതിയിൽ നിന്ന് 4.76 കോടി രൂപ കേരളാ സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷന് നൽകിയിട്ടുണ്ട്.

(ഇ) പാർവതിപുത്തനാർ പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ; പദ്ധതിക്കായി ഇതിനകം എത്ര കോടി രൂപ ചെലവായിട്ടുണ്ടെന്ന് അറിയിക്കുമോ ?

(ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ

# അനുബന്ധം-1

തലസ്ഥാന മേഖലാ വികസന പരിപാടി(Capital Region Development Programme) പ്രകാരം ചുവടെ കാണിച്ചിട്ടുള്ള പദ്ധതികളുടെ പ്രവർത്തനങ്ങളാണ് നിലവിൽ നടത്തി വരുന്നത്.

1. നഗര റോഡുകളുടെ വികസനം
2. തിരുവനന്തപുരം (ഹ്രസ്വകാല) കുടിവെള്ള പദ്ധതി
3. ഖരമാലിന്യ സംസ്കരണം
4. തിരുവനന്തപുരം ബസ് ടെർമിനൽ വികസനവും ഈഞ്ചക്കലിൽ പുതിയ ബസ് സ്റ്റാൻഡ് നിർമ്മിക്കലും
5. ആധുനിക വഴി വിളക്ക് സ്ഥാപിക്കൽ
6. വിഷൻ ഡോക്യുമെന്റ് 2033
7. കോവളം ഇൻഫ്രാസ്ട്രക്ച്ചർ വികസന-പദ്ധതി
8. കരമന, കിള്ളി എന്നീ നദികളുടേയും ഉള്ളൂർ തോടിന്റേയും വെള്ളപ്പൊക്കം തടയലും മോടി പിടിപ്പിക്കലും
9. ഇടവക്കോട് മുതൽ കണ്ണമ്മൂല വരെ ഉള്ളൂർ തോടിന്റെ നവീകരണം
10. തൈയ്ക്കാട് വൈദ്യുതി ശ്മശാനം പുനരുദ്ധരിക്കൽ
11. കാലടി പ്രദേശത്തെ മലിനജല സംസ്കരണ പ്ലാന്റ്
12. വേളി - ആക്കുളം പരിസ്ഥിതി പുനരുദ്ധാരണം

സെക്ഷൻ ഓഫീസർ

## അനുബന്ധം-2

തലസ്ഥാന മേഖലാ വികസന പദ്ധതി വിഭാവനം ചെയ്തിരുന്ന പരിപാടികൾ

1. നഗര റോഡ് വികസന പദ്ധതി
2. കുടിവെള്ളം കിട്ടാത്ത സ്ഥലത്ത് കുടിവെള്ളം എത്തിക്കുന്ന പദ്ധതി
3. വിഴിഞ്ഞം തുറമുഖ വികസന പദ്ധതി
4. അന്തർദ്ദേശീയ കൺവെൻഷൻ സെന്റർ സമുച്ചയം
5. ഖരമാലിന്യ സംസ്കരണ പദ്ധതി
6. വഴിവിളക്കു സ്ഥാപിക്കൽ
7. തിരുവനന്തപുരം ബസ് ടെർമിനൽ വികസന പദ്ധതി
8. ടാഗോർ സാംസ്കാരിക കേന്ദ്ര വികസനം
9. ശംഖുമുഖം കൊട്ടാരം പുനരുദ്ധാരണം
10. പുത്തരിക്കണ്ടം മൈതാനം വികസനം
11. വിഷൻ ഡോക്യുമെന്റ് 2033
12. കരമന, കിള്ളി എന്നീ നദികളുടേയും ഉള്ളൂർ തോടിന്റെയും വെള്ളപ്പൊക്കം തടയലും മോടി പിടിപ്പിക്കലും
13. തമ്പാനൂർ, പഴവങ്ങാടി പ്രദേശങ്ങളിലെ വെള്ളക്കെട്ടു തടയൽ
14. കോവളം ഇൻഫ്രാസ്ട്രക്ചർ വികസന പദ്ധതി
15. ഇടവക്കോട് മുതൽ കണ്ണമ്മൂല പാലം വരെ ഉള്ളൂർ തോടിന്റെ പുതുക്കൽ
16. കാലടി പ്രദേശത്തെ മലിനജല സംസ്ക്കരണ പ്ലാന്റ്
17. തൈയ്ക്കാട് വൈദ്യുതി ശ്മശാനം പുനരുദ്ധരിക്കൽ
18. തീരപഥം അർബൻ ഡവലപ്പ്മെന്റ് പ്രോജക്ട്
19. പാർവ്വതീപുത്തനാർ പുനരുദ്ധാരണം
20. വേളി - ആക്കുളം കായലിന്റെ പരിസ്ഥിതി പുനരുദ്ധാരണം

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ. 681

24.7.2008ൽ മറുപടിക്ക്

**മണൽ ദൗർലഭ്യം**

ചോദ്യം

ശ്രീ.സി.ടി.അഹമ്മദ് അലി

ഉത്തരം

ശ്രീ.കെ.പി.രാജേന്ദ്രൻ

(റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) മണൽ ശേഖരിക്കുന്നതിന് നിലവിലുള്ള നിയന്ത്രണങ്ങൾ എന്തൊക്കെയാണ്; | (എ) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിലെ 12-ാം വകുപ്പ് പ്രകാരം മണൽവാരലിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്കുകൊണ്ടുവരുന്ന മണലിന് ഈ നിയമം ബാധകമാണോ ; | (ബി) 2001-ലെ കേരളാ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിലോ അതിൻ കീഴിൽ 2002-ൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ, 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലോ അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് കൊണ്ടു വരുന്ന മണലിനെപ്പറ്റി പരാമർശിച്ചിട്ടില്ല. |
| (സി) മണലിന്റെ ദൗർലഭ്യം കാരണം നിർമ്മാണ മേഖല പാടെ സ്തംഭിക്കുന്ന ഘട്ടത്തിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന മണലിന് പിഴ ചുമത്തുന്നത് ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ; | (സി) ഇക്കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |
| (ഡി) നിലവിലുള്ള നിയമത്തിലെ അപാകത കാരണം മണലിന് കൃത്രിമ ക്ഷാമം ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) നിയമത്തിലെ അപാകതമൂലം കൃത്രിമ ക്ഷാമം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മണലിന്റെ ഉപഭോഗം കൂടിയതിനെ തുടർന്നുള്ള ദൗർലഭ്യവും, വിലക്കയറ്റവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്താൻ തയ്യാറാകുമോ ; | (ഇ) നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (എഫ്) മണലിന്റെ ലഭ്യതക്കുറവ് പരിഹരിക്കാൻ എന്തു ബദൽ സംവിധാനമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | (എഫ്) ഇതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു ഉന്നതതല സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 662 24-07-2008 ൽ മറുപടിയ്ക്ക്.

## 'കില' പരിശീലന പരിപാടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. പി.ടി.എ. റഹിം. | ശ്രീ. പാലോളി മുഹമ്മദ്കുട്ടി.<br>(തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) ഇപ്പോൾ നടത്തിവരുന്ന പരിശീലന പരിപാടികളുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) പതിനൊന്നാം പദ്ധതി ജനകീയാസൂത്രണത്തിന്റെ ഭാഗമായി വിപുലമായ പരിശീലനപരിപാടികൾ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെയും ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, മറ്റ് സന്നദ്ധ സാങ്കേതിക വിദഗ്ദ്ധർ എന്നിവർക്ക് വേണ്ടി കില നടപ്പാക്കി വരുന്നുണ്ട്. ഒന്നാം വാർഷിക പദ്ധതിയുടെ ഭാഗമായി 2007 -08 സാമ്പത്തികവർഷത്തിൽ 1,10,084 പേർക്കും 2008 -09 സാമ്പത്തിക വർഷത്തിൽ ആദ്യ മൂന്ന് മാസത്തിനകം 22,674 പേർക്കും കില പരിശീലനം നല്കിയിട്ടുണ്ട്. ഇപ്പോൾ നടപ്പാക്കിവരുന്ന പരിശീലനപരിപാടികളുടെ വിശദാംശങ്ങൾ ഇനിപ്പറയുന്നവയാണ്. |

| പരിശീലനപരിപാടി | പരിശീലനപങ്കാളികൾ |
|---|---|
| പതിനൊന്നാം പദ്ധതി രൂപീകരണവും നിർവ്വഹണവും സംബന്ധിച്ച പരിശീലനം | എല്ലാ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലെയും വിവിധ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ സാങ്കേതിക ഉപദേശക സമിതി അംഗങ്ങൾ, ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ |

| | |
|---|---|
| കാർഷിക വികസനവും ഭക്ഷ്യോൽപാദന വർദ്ധനവും കൈവരിക്കുന്നതിനുള്ള പരിശീലനം | തദ്ദേശഭരണ സ്ഥാപനങ്ങളിലെ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, കാർഷിക വികസന സമിതി അംഗങ്ങൾ |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ദീർഘകാലകാർഷിക വികസനവും പരിസ്ഥിതി പുനഃസ്ഥാപനവും കൈവരിക്കുന്നതിനുള്ള പരിശീലനം. | പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സന്നദ്ധ സാമൂഹ്യ സംഘടനാ പ്രതിനിധികൾക്കും |
| സംയോജിത ജില്ലാ പദ്ധതി രൂപീകരണത്തിനും പരിഷ്കരണത്തിനുമുള്ളപരിശീലനം | ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ |
| നീർത്തടാധിഷ്ഠിത പദ്ധതി തയ്യാറാക്കുന്നതിനുള്ള പരിശീലനം. | പഞ്ചായത്തുകളിലെ നീർത്തടാധിഷ്ഠിത വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ |
| പ്രാദേശിക ഭരണ- നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും സദ്ഭരണം ലഭ്യമാക്കുന്നതിനുമുള്ള പരിശീലനം | മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലെയും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, ജനപ്രതിനിധികൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ |
| സ്ത്രീ വികസനം പ്രാദേശിക വികസന മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും ജാഗ്രതാ സമിതികൾ പ്രവർത്തനക്ഷമവുമാക്കുന്നതിനുമുള്ള പരിശീലനം. | തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ, ജാഗ്രതാ സമിതി അംഗങ്ങൾ |
| പട്ടിക ജാതി - പട്ടികവർഗ്ഗ സമുദായങ്ങളെ സംബന്ധിച്ച് അവബോധം [illegible] | തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, [illegible] |

| | |
|---|---|
| സമഗ്ര വികസനത്തിനുള്ള പദ്ധതി രൂപീകരണത്തിനുള്ള പരിശീലനം. | സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ, സാങ്കേതിക വിദഗ്ദ്ധർ |
| ദേശീയതലത്തിലുള്ള പരിശീലനങ്ങൾ | ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും നയ രൂപീകരണ വിദഗ്ദ്ധർക്കും |
| അന്തർ ദേശീയതലത്തിലുള്ള പരിശീലനങ്ങൾ | മറ്റ് രാജ്യങ്ങളിലെ ജന പ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും നയ രൂപീകരണ വിദഗ്ദ്ധർക്കും |
| നേതൃത്വശേഷി വികസിപ്പിക്കുന്നതിനുള്ള പരിശീലനം | തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ വനിതാ ജനപ്രതിനിധികൾ. |
| ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം/ അക്കൗണ്ടിംഗ് സംവിധാനം. | മുനിസിപ്പാലിറ്റി/ പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, ജന പ്രതിനിധികൾ |
| തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിവിധ വിഷയ മേഖലകളിൽ വൈദഗ്ദ്ധ്യം വളർത്തുന്നതിനും മികവാർന്ന സ്ഥാപനങ്ങളുടെ മാനേജ്മെന്റ് ശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള പരിശീലനം. | ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാർക്കും അംഗങ്ങൾക്കും |

| | |
|---|---|
| ബി) അധികാര വികേന്ദ്രീകരണവും, പ്രാദേശികാസൂത്രണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കില ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. | (ബി) അധികാരവികേന്ദ്രീകരണവും പ്രാദേശികാസൂത്രണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നിരവധി ഗവേഷണ പ്രവർത്തനങ്ങൾ ഇതിനകം നടത്തുകയും 7 പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>1. പഞ്ചായത്തിന്റെ ചരിത്രപരമായ വികസനം സംബന്ധിച്ച് (മാടായി ഗ്രാമ പഞ്ചായത്ത്).<br>2. പഞ്ചായത്തിരാജും മദ്ധ്യമേഖലയും വിവരവ്യൂഹം തയ്യാറാക്കൽ. |

3. ലിംഗപദവി പ്രശ്നങ്ങളും അവ പരിഹരിക്കുന്നതിൽ വനിതാ മെമ്പർമാരുടെ ഇടപെടലുകളും.
4. പ്രാദേശിക സാമ്പത്തിക വികസനത്തിൽ ആസൂത്രണത്തിന്റെ പങ്ക്.
5. ഗ്രാമ പഞ്ചായത്തിന്റെ വികസന രൂപരേഖ
6. പരിസ്ഥിതി സംബന്ധിച്ച്
7. സ്ത്രീ പദവി പഠനം - 43 പഞ്ചായത്തുകൾ

(സി) അധികാരവികേന്ദ്രീകരണത്തിന്റെ കേരള മാതൃക പഠിക്കുന്നതിനായി കേരളത്തിനു പുറത്തുള്ള എത്ര പേർ കിലയിൽ എത്തിയിട്ടുണ്ട്; വിദേശ രാജ്യങ്ങളിൽ നിന്നും എത്ര പേർ വന്നിട്ടുണ്ട്;

(സി) കേരളത്തിന്റെ ജനകീയാസൂത്രണവും അധികാര വികേന്ദ്രീകരണവും പഠിക്കുന്നതിനായി മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലെയും ദക്ഷിണേഷ്യൻ രാജ്യങ്ങളിലെയും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും നയരൂപീകരണ വിദഗ്ദ്ധരും കിലയിൽ തുടർച്ചയായി സന്ദർശനം നടത്തിവരുന്നുണ്ട്. ഇത്തരം സന്ദർശകർക്ക് വേണ്ടി പ്രത്യേക പരിശീലന പരിപാടികൾ കിലയിൽ സംഘടിപ്പിക്കുന്നുണ്ട്. പ്രസ്തുത പരിശീലന പരിപാടിയിൽ 2007-08 വർഷത്തിൽ താഴെപ്പറയുന്ന സംസ്ഥാനങ്ങളിലെയും രാജ്യങ്ങളിലെയും പങ്കാളിത്തം ഉണ്ടായിട്ടുണ്ട്. ദേശീയതലത്തിൽ 21 ബാച്ചുകളിലായി 430 പേരും അന്തർദേശീയ തലത്തിൽ 9 ബാച്ചുകളിലായി 110 പേരും പങ്കെടുത്തു.

| സംസ്ഥാനം | പരിശീലനാർത്ഥികളുടെ എണ്ണം |
|---|---|
| രാജസ്ഥാൻ | 6 |
| മഹാരാഷ്ട്ര | 60 |
| തമിഴ്നാട് | 80 |
| പശ്ചിമബംഗാൾ | 78 |
| കർണ്ണാടക | 52 |
| ആസ്സാം | 40 |
| ഛത്തീസ്ഗഢ് | 50 |

| | |
|---|---|
| വിവിധ സംസ്ഥാനങ്ങളിൽ നിന്നും എൻ.ഐ.ആർ.ഡി. മുഖേന | 48 |
| ആന്ധ്രാപ്രദേശ് | 03 |
| യു.എൻ.ഡി.പി. മുഖേന | 13 |
| ആകെ | 439 |

<u>വിദേശരാജ്യങ്ങളിൽ നിന്നും പങ്കെടുത്തവർ</u>

| രാജ്യം | പരിശീലനാർത്ഥികളുടെ എണ്ണം. |
|---|---|
| കെനിയ | 10 |
| ശ്രീലങ്ക | 75 |
| നേപ്പാൾ | 25 |
| ആകെ | 110 |

(ഡി) 'കില'യുടെ വികസന പ്രവർത്തനങ്ങൾക്ക് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

(ഡി) 2008-09 സാമ്പത്തിക വർഷ കാലയളവിൽ ഇനിപ്പറയുന്ന വികസന പരിപാടികളാണ് കില നടപ്പാക്കി വരുന്നത്. ഇതിനായി നാല് കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

1. കിലയുടെ ഭാവി വികസനം ലക്ഷ്യമിട്ടുകൊണ്ട് കില ക്യാമ്പസിനോട് ചേർന്ന് കിടക്കുന്ന 5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള പദ്ധതി.
2. ആധുനിക രീതിയിലുള്ള ഒരു ഇന്റർനാഷണൽ ട്രെയിനിംഗ് സെന്റർ നിർമ്മിക്കുന്നതിനായുള്ള പദ്ധതി.
3. ആധുനിക രീതിയിലുള്ള ലൈബ്രറി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി.
4. കിലയിലെ ഗസ്റ്റ് ഹൗസുകളുടെയും മറ്റ് കെട്ടിടങ്ങളുടെയും അറ്റകുറ്റ

പണികൾക്കുവേണ്ടിയുള്ള പദ്ധതി.

5. ലൈബ്രറി വിപുലീകരിക്കുന്നതിന് വേണ്ടി കൂടുതൽ പുസ്തകങ്ങളും ജേർണലുകളും സമാഹരിക്കുന്നതിനുള്ള പദ്ധതി.

6. ജില്ലാതലങ്ങളിൽ വിവിധ പരിശീലന കേന്ദ്രങ്ങളുമായി സഹകരിച്ചുകൊണ്ട് വികേന്ദ്രീകൃത പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി.

D. Shilaja Kumari Amma

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

*

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 683 24..07..2008 ൽ മറുപടിക്ക്

## അനധികൃത പോക്കുവരവ് കണ്ടെത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. പി. ജയരാജൻ:<br>ശ്രീ. വി. ചെന്താമരാക്ഷൻ:<br>ശ്രീ. ടി. പി. കുഞ്ഞുണ്ണി:<br>ശ്രീ. കെ. സി. കുഞ്ഞിരാമൻ: | ശ്രീ. കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) അനധികൃതമായ പോക്കുവരവ് കണ്ടെത്തു ന്നതിനായി സംസ്ഥാനത്തു നടന്ന പോക്കു വരവുകൾ പരിശോധിച്ച് റിപ്പോർട്ട് നൽകു ന്നതിന് ജില്ലാ കളക്ടർമാരോട് ആവശ്യപ്പെ ട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഏതു വർഷം മുതലുള്ള പോക്കുവരവാണ് പരിശോധിക്കുന്നത്; ഇതിനായി പ്രത്യേക ടീമിനെ നിയോഗിച്ചിട്ടുണ്ടോ; | (ബി) ഏതു വർഷം മുതലുള്ള പോക്കുവ രവ് പരിശോധിക്കണം എന്നത് സംബന്ധിച്ച് നിർദ്ദേശം നൽകിയി ട്ടില്ല. പരാതി ലഭിച്ച കേസ്സുകൾ പരി ശോധിക്കുന്നതിനായി കളക്ടറേറ്റു കളിൽ ഒരു ഡപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ വിഭാ ഗത്തെ ഇൻസ്പെക്ഷൻ കം വിജിലൻ സ് വിഭാഗമായി പുനഃക്രമീകരിച്ചി ട്ടുണ്ട്. |
| (സി) ഇതിനകം എത്ര പോക്കുവരവുകളിൽ കൃത്രിമം കണ്ടെത്തിയിട്ടുണ്ട്; ഇതിൽ റവന്യൂ ഉദ്യോഗസ്ഥരുടെ പങ്കുകൂടി പരിശോധിക്കു മോ; | (സി) 141 കേസ്സുകളിൽ കൃത്രിമം കണ്ടെ ത്തിയിട്ടുണ്ട്. റവന്യൂ ഉദ്യോഗസ്ഥരു ടെ പങ്ക് പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) പരിശോധനാ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കാൻ ആവശ്യപ്പെടുമോ? | (ഡി) പരിശോധനാ റിപ്പോർട്ട് അടിയന്തി രമായി ലഭ്യമാക്കുവാൻ ജില്ലാ കള ക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടു ണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 684 24-07-08 ൽ മറുപടിക്ക്

## കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് പുനഃ സംഘടിപ്പിക്കുന്നതിന് നടപടികൾ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ.എം.എം.മോനായി :<br>ശ്രീ.സി.എം.ദിനേശ് മണി :<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു :<br>ശ്രീ.കെ.സി.രാജഗോപാലൻ :<br>ശ്രീ.എം.കെ.പുരുഷോത്തമൻ : | ഡോ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് പുനഃസംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) 2002ൽ കെ.എസ്.എഫ്.ഇ.യിൽ നടത്തിയ സമഗ്രമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ NIBM (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബാങ്കിംഗ് മാനേജ്മെന്റ്) ഒരു പുനഃ സംഘടനാ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ, കമ്പനിയിൽ 2002 നു ശേഷം ഉണ്ടായ പുരോഗതികളും കണക്കിലെടുത്താണ് പുതിയ പുനഃ സംഘടന നിർദ്ദേശിച്ചിട്ടുള്ളത്. ധന സേവന മേഖലയിലെ പുതിയ പ്രവണതകൾ ഉൾക്കൊള്ളാനും ഈ മേഖലയിലെ കിടമത്സരങ്ങൾ നേരിടാനും ഉദ്ദേശിച്ചുകൊണ്ടുമാണ് ഈ പുനഃക്രമീകരണം നിർദ്ദേശിച്ചത്. ഇതിൻ പ്രകാരം സർക്കാർ ഉത്തരവ് GO(MS) NO.95/08/TD dt.08-05-08 പ്രകാരം കെ.എസ്.എഫ്.ഇ.യ്ക്ക് പുനഃസംഘടന അനുവദിച്ച് നൽകുകയുണ്ടായി. ഇതനുസരിച്ച് ബിസിനസ്സ്, ഫിനാൻസ്, പേഴ്സണൽ ആൻഡ് ഹ്യൂമൻ റിസോഴ്സസ്, ഇന്റേണൽ ഓഡിറ്റ് ആൻഡ് വിജിലൻസ് എന്നീ നാലു ഡിപ്പാർട്ടുമെന്റുകളായാണ് കമ്പനി പ്രവർത്തിക്കുക. കൂടാതെ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ എന്നിവരുടെ ദൈനംദിന പ്രവർത്തനങ്ങളിൽ സഹായിക്കാനായി ഒരു സെക്രട്ടറിയേറ്റും ഉണ്ടായിരിക്കുന്നതാണ്.<br>സംഘടനാ സംവിധാനത്തിലെ പുനഃക്രമീകരണം മൂലം ഡെപ്യൂട്ടി ജനറൽ മാനേജർ, അസിസ്റ്റന്റ് ജനറൽ |

മാനേജർ എന്നീ രണ്ട് കാഡർ പുതുതായി സൃഷ്ടിയ്ക്കപ്പെടുന്നു. ചുരുക്കത്തിൽ 29 പുതിയ തസ്തികകൾ, 4 തസ്തികകളുടെ പദവി ഉയർത്തൽ, 6 തസ്തികകളുടെ പുനർനാമകരണം, 18 തസ്തികകളുടെ ക്രമീകരണം എന്നിവ ഈ പുനഃസംഘാടനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. രണ്ടു മേഖലാ കാര്യാലയങ്ങൾ (കണ്ണൂർ, കോട്ടയം) പുതിയതായി നിലവിൽ വരുന്നതാണ്. ബാലൻസ് ഷീറ്റിൽ 2 കോടിയിലധികം ചിട്ടി വാർഷിക സലയും, നിക്ഷേപവും വായ്പയും കൂടി 20 കോടിയിലധികം ബിസിനസ്സും അല്ലെങ്കിൽ 5 കോടി വായ്പയും, വായ്പയും നിക്ഷേപവും അടക്കം 5 കോടിയുടെ ബിസ്സിനസും ഉണ്ടെങ്കിൽ അത്തരം ബ്രാഞ്ചുകളെ "സൂപ്പർ ബ്രാഞ്ചുകളായി " നാമകരണം ചെയ്യുന്നതാണ്. അത്തരം ബ്രാഞ്ചുകളിൽ നിലവിലുള്ള ബിസിനസ്സ് ഇടപാടുകളെ ഏകോപിപ്പിയ്ക്കുന്നതിന് പുതുതായി ഒരു മാനേജരെ കൂടി നിയമിയ്ക്കാൻ ഉദ്ദേശിക്കുന്നു. 4 സൂപ്പർ ബ്രാഞ്ചുകളിൽ മുൻപറഞ്ഞ പോലെ മാനേജർമാരെ നിയമിച്ചു കഴിഞ്ഞു. 2 മേഖലാ ഓഫീസുകളിൽ ബിസിനസ്സ് വികസനത്തിനായി Business Development Manager മാരെ നിയമിച്ചു കഴിഞ്ഞു. മറ്റു മേഖലാ ഓഫീസുകളിൽ ഉടനെ Business Development Managers നെ നിയമിക്കുന്നതാണ്.

മേൽപ്പറഞ്ഞ അടിസ്ഥാനത്തിലുള്ള പുനഃസംഘടന എത്രയും വേഗം നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പുനഃസംഘടനമൂലം കൈവരിക്കാൻ ഉദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് ;

(ബി) കെ.എസ്.എഫ്.ഇ.യുടെ വിഷൻ 2010 ലക്ഷ്യം കൈവരിക്കുന്നതിന് മുന്നോടിയായാണ് ഈ പുനഃസംഘടനയെ കാണുന്നത്. പുതിയ മേഖലാ ആഫീസുകൾ തുടങ്ങുന്നത് വഴി ശാഖകളുടെ സുഗമമായ പ്രവർത്തനത്തിൽ കൂടുതൽ പുരോഗമനം ഉണ്ടാകുന്നതാണ്. ഈ പുനഃസംഘടന ജീവനക്കാരുടെ മാനവ വിഭവശേഷി വികസിപ്പിക്കാനും ഉതകുന്നതാണ്. കൂടാതെ പുതിയ കാലഘട്ടത്തിനനു യോജ്യമായ ഒരു സമഗ്രവികസനം എന്ന ലക്ഷ്യം കൈവരിക്കാൻ ഈ പുനഃസംഘടന സാധ്യമാക്കും.

| | | | |
|---|---|---|---|
| | കെ.എസ്.എഫ്.ഇ.യുടെ വികസനത്തിന് ഈ സർക്കാർ വന്നതിനു ശേഷം ആവിഷ്ക്കരിച്ച പുതിയ പദ്ധതികൾ ഏതെല്ലാമാണ് ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്ക്കരിച്ച പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br>**I)** ചിട്ടി പദ്ധതികളുടെ വികസനത്തിനു വേണ്ടിയും ജനകീയവൽക്കരണത്തിനു വേണ്ടിയും നടത്തിയ കാമ്പയിനുകൾ<br>1. കേരള ഗോൾഡൻ ജൂബിലി ചിട്ടികൾ.<br>2. പൊന്നോണ ചിട്ടികൾ 2007.<br>3. പ്രവാസി ബന്ധു ചിട്ടികൾ 2007.<br>**II)** പദ്ധതികളുടെ വ്യവസ്ഥകളിൽ നടപ്പിലാക്കിയ ഉദാരവൽക്കരണം<br>1. ആൾ ജാമ്യ വ്യവസ്ഥയിലെ ഉദാരവൽക്കരണം.<br>2. വസ്തു ഈടായി സ്വീകരിക്കുവാനുള്ള ബാദ്ധ്യതയുടെ പരിധി ഉയർത്തി.<br>3. ഏജൻസി വ്യവസ്ഥകളുടെ വികസനവും സമ്പൂർണ്ണ പരിഷ്ക്കരണവും.<br>4. ശാഖാ പ്രവർത്തനങ്ങളുടെ കമ്പ്യൂട്ടറൈസേഷൻ.<br>5. സംഘടനാ പുനഃക്രമീകരണം.<br>6. ശാഖാ ശൃംഖലയുടെ വിപുലീകരണം.<br>7. ജീവനക്കാരുടെ പരിശീലനം.<br>8. പദ്ധതികളുടെ പരസ്യപ്രചരണം.<br>9. സ്വയംഭരണാവകാശം. |
| (ഡി) | ഇതിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ ? | (ഡി) | സാധാരണക്കാരായ സാമ്പത്തിക ഇടപാടുകാർക്ക് വിശ്വസനീയമായ ഒരു സ്ഥാപനമെന്ന നിലയിലും സംസ്ഥാന സർക്കാരിന്റെ വിഭവ സമാഹരണത്തിൽ ഒരു വലിയ പങ്കു വഹിയ്ക്കുന്ന ഒരു സ്ഥാപനമെന്ന നിലയിലും കെ.എസ്.എഫ്.ഇ. വളരെ പ്രമുഖമായ സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. ഈ വസ്തുത തികച്ചും ഉൾക്കൊണ്ടുകൊണ്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.എഫ്.ഇ.പദ്ധതികളിൽ വന്നിട്ടുള്ള പുരോഗതിയെ സംബന്ധിച്ചുള്ള സംക്ഷിപ്ത രൂപം താഴെ ചേർക്കുന്നു.<br>1) ചിട്ടി പദ്ധതിയുടെ വികസനത്തിനു വേണ്ടിയും ജനകീയവൽക്കരണത്തിനു വേണ്ടിയും നടത്തിയ കാമ്പയിനുകൾ<br>ചിട്ടി ബിസിനസ്സിന്റെ വികസനത്തിലൂടെ കൂടുതൽ നിക്ഷേപകർക്ക് സുതാര്യവും സുരക്ഷിതവുമായ ഒരു സാമ്പത്തിക സമ്പാദ്യ പദ്ധതിയുടെ സൗകര്യങ്ങൾ എത്തിച്ചു കൊടുക്കുന്നതിനും കെ.എസ്.എഫ്.ഇ.യുടെ ലാഭത്തിന്റെ ഒരു വിഹിതം |

ഈ വരിക്കാരുമായി പങ്കു വയ്ക്കുന്നതിനും ലക്ഷ്യമാക്കി കഴിഞ്ഞ ഒന്നര വർഷത്തിനിടയിൽ മൂന്നു കാമ്പയിനുകൾ നടത്തുകയുണ്ടായി.

സംസ്ഥാന സർക്കാരിന്റെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി 2006 നവമ്പർ 1-ാം തീയതി മുതൽ 2007 ജനുവരി 31-ാം തീയതി വരെ നീണ്ടു നിന്ന " കേരള ഗോൾഡൻ ജൂബിലി ചിട്ടികൾ" എന്ന പദ്ധതി നടപ്പിലാക്കി. ചിട്ടിയിൽ നിന്നുള്ള വരുമാനത്തിന്റെ ഒരു വിഹിതം ചിട്ടിയിൽ ചേരുന്നവർക്ക് സമ്മാനമായി വിതരണം ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് കേരള ഗോൾഡൻ ജൂബിലി ചിട്ടികൾ ആരംഭിച്ചത്. ഈ കാലഘട്ടത്തിൽ ചിട്ടിയിൽ ചേർന്നിട്ടുള്ള ചിറ്റാളന്മാരിൽ മുടക്കം വരുത്താത്ത ചിറ്റാളന്മാരെ ഉൾപ്പെടുത്തി നറുക്കെടുപ്പിലൂടെ സമ്മാനങ്ങൾ വിതരണം ചെയ്യുകയുണ്ടായി. കൂടാതെ മുടക്കമില്ലാത്ത ചിറ്റാളന്മാർക്ക് കേരള ലോട്ടറി ടിക്കറ്റുകൾ വഴിയുള്ള സമ്മാനങ്ങളും നൽകി വരുന്നു. ഈ പദ്ധതിയിലൂടെ 42 കോടിയിലധികം രൂപയുടെ ചിട്ടി ബിസിനസ്സ് പുതിയതായി ആരംഭിയ്ക്കുവാൻ കഴിഞ്ഞു.

2007 ജൂലായ് 16-ാം തീയതി മുതൽ ഒക്ടോബർ അഞ്ചാം തീയതി വരെ " പൊന്നോണ ചിട്ടികൾ 2007" കാമ്പയിൻ നടത്തുകയുണ്ടായി. ഈ പദ്ധതിയുടെ ഭാഗമായി നറുക്കെടുപ്പിലൂടെ ചിറ്റാളന്മാർക്ക് മാരുതി ആൾട്ടോ കാർ, ബൈക്കുകൾ, സ്വർണ്ണ നാണയങ്ങൾ, മുതലായ സമ്മാനങ്ങൾ വിതരണം ചെയ്യുകയുണ്ടായി. തുടർസമ്മാനങ്ങൾക്കായി വലിയ തുക (ഏകദേശം 21 കോടി രൂപ) യാണ് ഈ ചിട്ടിയിൽ ചേർന്ന വരിക്കാർക്ക് നീക്കി വെച്ചിരിയ്ക്കുന്നത്.

വിദേശ മലയാളികളെയും അവരുടെ കുടുംബാംഗങ്ങളെയും കെ.എസ്.എഫ്.ഇ. ചിട്ടികളിലെ അംഗങ്ങളാക്കുവാനുള്ള സർക്കാരിന്റെ ഉദ്ദേശത്തിന്റെ ഭാഗമായി ''പ്രവാസി ബന്ധു ചിട്ടികൾ 2007" നവമ്പർ മാസം മുതൽ 2008 ഫെബ്രുവരി 16-ാം തീയതി വരെ നടത്തി. ഈ പദ്ധതിയിലും ചിട്ടിയിൽ ചേരുന്ന ചിറ്റാളന്മാർക്ക് ഏറ്റവും ആകർഷകങ്ങളായ സമ്മാനങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ട്. ആൾട്ടോ കാറുകൾ, സ്വർണ്ണ നാണയങ്ങൾ മുതലായ സമ്മാനങ്ങളും, ചിട്ടി പിടിച്ച് മേൽ ബാദ്ധ്യതയ്ക്ക് ഈടായി നിക്ഷേപിച്ചാൽ ഉയർന്ന പലിശ എന്നീ ആനുകൂല്യങ്ങളും വരിക്കാർക്ക് ലഭിയ്ക്കും. ഇതു കൂടാതെ അത്യാകർഷകമായ ഒരു വായ്പാ

പാക്കേജും വരിക്കാർക്ക് പ്രയോജനപ്പെടുത്താം. ഈ പദ്ധതിയുടെ ഭാഗമായി ഏകദേശം 48 കോടി രൂപ യുടെ ചിട്ടി ബിസിനസ്സ് പുതിയതായി ആരംഭിയ്ക്കുവാൻ കഴിഞ്ഞു.

"പ്രവാസി ബന്ധു ചിട്ടി " കളിലൂടെ ആദ്യമായി കെ.എസ്.എഫ്.ഇ.യിൽ ഒരു ബ്രാൻഡഡ് ചിട്ടി ആരം ഭിയ്ക്കുവാൻ കഴിഞ്ഞു എന്ന കാര്യം എടുത്തു പറയത്ത ക്കതാണ്.

2) പദ്ധതികളുടെ വ്യവസ്ഥകളിൽ നടപ്പാക്കിയ ഉദാരീ കരണം.

a) കെ.എസ്.എഫ്.ഇ. പദ്ധതികളുടെ ഗുണഫലങ്ങൾ കൂടുതൽ ജനവിഭാഗങ്ങളിലേയ്ക്ക് എത്തിയ്ക്കുവാനും പദ്ധതികളുടെ ബിസിനസ്സ് വ്യാപ്തി വികസിപ്പിക്കാനു മായി താഴെ പറയുന്ന നടപടികൾ ആവിഷ്ക്കരിച്ചു. എല്ലാ ജനവിഭാഗങ്ങളിലുംപെട്ട ചിറ്റാളന്മാരെ കെ.എസ്.എഫ്.ഇ.യുടെ പദ്ധതികളിൽ അംഗങ്ങളാക്കുവാനും കെ.എസ്.എഫ്.ഇ.യുടെ സേവനങ്ങൾ എല്ലാ വിഭാഗങ്ങളിലുമുള്ള ജനങ്ങളിലേയ്ക്ക് എത്തിയ്ക്കുവാനും ശ്രമങ്ങൾനടക്കുന്നുണ്ട്. ഇതിനായി ആൾ ജാമ്യ വ്യവസ്ഥയിൽ ഗണ്യമായ ഉദാരവൽക്കരണം നട പ്പാക്കിയിട്ടുണ്ട്. സ്വയം തൊഴിൽകണ്ടെത്തി ജീവിതം നയിയ്ക്കുന്ന ചെറിയ വരുമാനക്കാർ, പ്രൊഫഷണൽസ്, വ്യാപാരികൾ ആദായ നികുതിദായകർ എന്നിവർക്കും ജാമ്യം നിൽക്കുവാനുള്ള സൗകര്യം ഉണ്ട്.

b) വസ്തു ഈടായി സ്വീകരിയ്ക്കാനുള്ള ബാദ്ധ്യതയുടെ പരിധി 25ലക്ഷം രൂപയിൽ നിന്ന് ഒരു കോടി രൂപയായി വർദ്ധിപ്പിച്ചു. വിപണിയിലെ വിലക്കനുസൃതമായ മൂല്യ നിർണ്ണയം ഉറപ്പാക്കാൻ മൂല്യനിർണ്ണയത്തിൽ വിദഗ്ദ്ധരായ approved valuers നെയും ചേർത്തുള്ള കമ്മിറ്റി മൂല്യ നിർണ്ണയം നടത്തുന്ന രീതി നടപ്പിലാക്കി. ഇതിലൂടെ ബിസിനസ്സ് Volume കൂട്ടാൻ കഴിയുന്നതോടൊപ്പം വരിക്കാർക്ക് വസ്തു ജാമ്യം നൽകുന്നത് കൂടുതൽ സുഗമമാകും.

c) ഉദ്യോഗസ്ഥ ജാമ്യവ്യവസ്ഥകളിലും കാര്യമായി ഭേദഗതി വരുത്തി.

3) ഏജൻസി വ്യവസ്ഥയുടെ വികസനവും സമ്പൂർണ്ണ പരിഷ്കരണവും

ഇടപാടുകാർക്ക് ശാഖകളിൽ വരാതെ തന്നെ തവണ സംഖ്യ അടയ്ക്കാനുള്ള സൗകര്യം ഒരുക്കാൻ വേണ്ടി Door Collection സമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കി.

ഈ സമ്പ്രദായത്തിൻ കീഴിൽ വരിക്കാരുടെ പ്രവർത്തി സ്ഥലങ്ങളിൽ അല്ലെങ്കിൽ വീടുകളിൽ ചെന്ന് വരി സംഖ്യ പിരിയ്ക്കുന്നതാണ്. ഈ പ്രക്രിയ സുഗമവും കാര്യക്ഷമവും സുതാര്യവുമാക്കുവാൻ, സിംപ്യൂട്ടർ പോലുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

ശാഖാ പ്രവർത്തനങ്ങളുടെ കമ്പ്യൂട്ടറൈസേഷൻ
കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകളുടെ പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണത്തിൻെറ ഭാഗമായി, 70 ബ്രാഞ്ചുകൾ (25% ബ്രാഞ്ചുകൾ)ഇതിനകം പൂർണ്ണ കമ്പൂട്ടർ വൽക്കരണം കൈവരിച്ചു. മറ്റു ശാഖകളുടെ കമ്പ്യൂട്ടറൈസേഷൻ 2008-2009 സാമ്പത്തിക വർഷം അവസാനത്തോടു കൂടി പൂർത്തീകരിയ്ക്കും.

4) ആഴ്ച ചിട്ടികൾ
കെ.എസ്.എഫ്. ഇ. ചിട്ടി പദ്ധതി കൂടുതൽ ജനവിഭാഗങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്ന രീതിയിൽ ആഴ്ച ചിട്ടികൾ കമ്പ്യൂട്ടർവൽകൃത ശാഖകളിൽ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്.

5) ശാഖാ ശൃംഖലയുടെ വിപുലീകരണം
കെ.എസ്.എഫ്.ഇ.യുടെ പുതിയ 41 ബ്രാഞ്ചുകൾ ഈ വർഷം തന്നെ ആരംഭിയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

6) ജീവനക്കാരുടെ പരിശീലനം
സാമ്പത്തിക സേവന മേഖലയിലെ പഴയതും പുതിയതുമായ പല പ്രവണതകളെപ്പറ്റിയും പെരുമാറ്റവും സമീപനവും മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചും (Behavioral and Attitudinal Modification Motivation), കെ.എസ്.എഫ്.ഇ.യുടെ ഭാവിയിലെ വികസന ലക്ഷ്യങ്ങളെക്കുറിച്ചും ഈ പരിശീലന ക്ലാസ്സുകളിൽ ജീവനക്കാരെ അഭ്യസിപ്പിയ്ക്കുന്നുണ്ട്. ഇതു കൂടാതെ ശാരീരികവും മാനസികവുമായ ആരോഗ്യം നിലനിർത്തുവാൻ യോഗയും അഭ്യസിപ്പിയ്ക്കുന്നുണ്ട്.

2007-08 സാമ്പത്തിക വർഷത്തിൽ കെ.എസ്.എഫ്.ഇ. ലക്ഷ്യമിട്ട 100 കോടി രൂപയുടെ ചിട്ടി ബിസിനസ്സ് 2008 ഫെബ്രുവരി മാസത്തിൽ തന്നെ കൈവരിച്ചു. മുൻ വർഷങ്ങളിൽ വാർഷിക ബിസിനസ്സ് വർദ്ധനവ് 30 മുതൽ 40 കോടി രൂപയായിരുന്നു. അതായത് 2007-08 സാമ്പത്തിക വർഷങ്ങളിൽ കെ.എസ്.എഫ്.ഇ. നടത്തിയ ചിട്ടി ബിസിനസ്സിൽ കഴിഞ്ഞ വർഷത്തിൽ നടത്തിയ ശരാശരി ചിട്ടി ബിസിനസ്സിനേക്കാൾ ഇരട്ടിയിലധികമാണ്. 106 കോടി രൂപയിലധികം അധികം ചിട്ടി ബിസിനസ്സ് ഈ വർഷം ചെയ്യപ്പോൾ

അത്ര തന്നെ രൂപയുടെ നിക്ഷേപങ്ങൾ ചിട്ടി സെക്യൂരിറ്റി ഡെപ്പോസിറ്റായി ഖജനാവിലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ട്.

2009-10 സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടുകൂടി കെ.എസ്.എഫ്.ഇ.യുടെ വാർഷിക ബിസിനസ്സ് 10,000 കോടി രൂപയായി ഉയർത്തണമെന്നതാണ് വികസന-ലക്ഷ്യം.

Chandrika

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 685* 24.07.2008 ൽ മറുപടിക്ക്

## വ്യാജ മുദ്രപ്പത്രമുപയോഗിച്ചുള്ള ഭൂമി തട്ടിപ്പുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. ബാബുപ്രസാദ്:<br>ശ്രീ. കെ. ബാബു:<br>ശ്രീ. വി. ഡി. സതീശൻ: | ശ്രീ. കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം ഉടമയറിയാതെ ഭൂമി തട്ടിയെടുത്തതു സംബന്ധിച്ചുള്ള എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; | (എ) നൂറ്റി ഇരുപത്തി രണ്ട് (122) പരാതികൾ ലഭിച്ചിട്ടുള്ളതായി ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുണ്ട്. |
| (ബി) വ്യാജമുദ്രപ്പത്രമുപയോഗിച്ച് മുൻ ആധാരം ഉണ്ടാക്കി തട്ടിപ്പു നടത്തുന്നുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഇത്തരം തട്ടിപ്പുകളിൽ രജിസ്ട്രേഷൻ, റവന്യൂ ഉദ്യോഗസ്ഥന്മാരും ആധാരമെഴുത്തുകാരും പങ്കാളികളാണെന്ന പത്രറിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ? | (ഡി) കൃത്രിമ ആധാരങ്ങളും ബിനാമി ഇടപാടുകളും രജിസ്റ്റർ ചെയ്യുന്നത് തടയുന്നതിനായി രജിസ്ട്രേഷൻ ചട്ട ഭേദഗതി അനുസരിച്ച് രജിസ്ട്രേഷനായി ആധാരം ഹാജരാക്കുന്ന ആളിന്റെ പാസ്പോർട്ട് സൈസ് ഫോട്ടോയും ഇടതു കൈ പെരുവിരൽ പതിപ്പും ആധാരത്തിൽ പതിപ്പിച്ചിരിക്കണം. വില ആധാരങ്ങളിൽ വസ്തു വാങ്ങുന്ന |

യോ വിൽക്കുകയോ ചെയ്യുന്ന ഓരോ ആളിന്റെയും പാസ്‌പോർട്ട് സൈസ് ഫോട്ടോയും ഇടത് കൈ പെരുവിരൽ പതിപ്പും ആധാരത്തിൽ പതിച്ചിരിക്കണം. കൂടാതെ രജിസ്റ്ററിംഗ് ഓഫീസർ തന്റെ മുൻപാകെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഹാജരാകുന്ന ആളുടെ അനന്യത സ്വയം ബോദ്ധ്യപ്പെടുന്നതിലേയ്ക്കായി ഇലക്ടറൽ തിരിച്ചറിയൽ കാർഡോ, പാസ്‌പോർട്ടോ, ഡ്രൈവിംഗ് ലൈസൻസോ പെർമനന്റ് അക്കൗണ്ട് നമ്പർ കാർഡോ, റേഷൻ കാർഡോ, സർക്കാർ നിയന്ത്രണത്തിലുള്ള ഏതെങ്കിലും അധികാരി നൽകുന്ന തിരിച്ചറിയൽ കാർഡോ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഭൂമിയുടെ നിയമവിരുദ്ധ രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നതിന് സർക്കാരിന് അധികാരം നൽകുന്ന വിധത്തിൽ രജിസ്ട്രേഷൻ നിയമത്തിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

(signature)

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 686

24.7.08-ൽ മറുപടിയ്ക്ക്

### റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ ഓഫീസുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് നെറ്റ്‌വർക്ക് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ: എൻ.രാജൻ എം.എൽ.എ.**<br>**ശ്രീ: എൻ.അനിരുദ്ധൻ എം.എൽ.എ.**<br>**ശ്രീമതി: ഇ.എസ്. ബിജിമോൾ എം.എൽ.എ.**<br>**ശ്രീ: എ.കെ.ചന്ദ്രൻ എം.എൽ.എ.** | **ശ്രീ.കെ..പി.രാജേന്ദ്രൻ**<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ലാന്റ് റവന്യൂ റിക്കാർഡുകൾ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനു കേന്ദ്ര സഹായം ഉപയുക്തമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. ഭൂരേഖകൾ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിന് 100% കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി കേന്ദ്രസഹായം ഉപയുക്തമാക്കിയിട്ടുണ്ട്. 100% കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി ഭൂരേഖകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നാളിതുവരെ 1261.94 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ലാ കളക്ടർമാർ 874.35 ലക്ഷം രൂപയും ഐ.എൽ.എം.ഡയറക്ടർ 48.09 ലക്ഷം രൂപയും സർവ്വെ ആന്റ് ലാന്റ് റിക്കാർഡ് ഡയറക്ടർ 156.79 ലക്ഷം രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. |
| (ബി) കേന്ദ്ര സഹായം ഉപയോഗപ്പെടുത്തി ഏറ്റെടുത്ത പദ്ധതികൾ ഏതെല്ലാം; അവ എത്ര ജില്ലകളിൽ പൂർത്തിയാക്കി; ബാക്കി ജില്ലകളിൽ എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) ഭൂരേഖാ കമ്പ്യൂട്ടർവൽക്കരണം (100% CSS), റവന്യൂ ഭരണം ശക്തിപ്പെടുത്തുന്നതും ഭൂരേഖകൾ നവീകരിക്കുന്നതും എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. താലൂക്ക് തലത്തിലുള്ള ഭൂരേഖകൾ കമ്പ്യൂട്ടർവൽക്കരിച്ച് "റിക്കാർഡ് ഓഫ് റൈറ്റ്സ്" നൽകുന്നതിനുള്ള പദ്ധതി, റവന്യൂ - സർവ്വെ വകുപ്പുകളിലെ ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്ന പദ്ധതി, സർവ്വെ റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി എന്നിവയാണ് 100% കേന്ദ്രാവിഷ്കൃത പദ്ധതിയി |

ലുൾപ്പെടുത്തി നടപ്പാക്കുന്നത്. കോട്ടയം ജില്ലയിൽ ഭൂരേഖാ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കി പോക്കുവരവ് കമ്പ്യൂട്ടർ മുഖേന ചെയ്തു വരുന്നു. ഇതര ജില്ലകളിൽ ഭൂരേഖാ കമ്പ്യൂട്ടർ വൽക്കരണം ദ്രുത ഗതിയിൽ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.റവന്യൂ- സർവ്വെ വകുപ്പ് ജീവനക്കാർക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റ് മുഖേന 19/9/2001 മുതൽ കമ്പ്യൂട്ടർ പരിശീലനം നൽകി വരുന്നു. സർവ്വെ റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യുന്ന നടപടി സർവ്വെ ഡയറക്ടറേറ്റ് ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രവൃത്തി പുരോഗമിച്ചു വരുന്നു.

(സി) വിവിധ - റവന്യൂ-രജിസ്ട്രേഷൻ സർവ്വേ ആഫീസുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

(സി) ഉണ്ട്. കമ്പ്യൂട്ടർ വൽക്കരണം പൂർത്തിയായ കോട്ടയം ജില്ലയിൽ ഇതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ തൈക്കാട് വില്ലേജ് ഓഫീസും ചാല എസ്.ആർ.ഒ.യും തമ്മിൽ ബന്ധിപ്പിക്കുന്ന നെററ്വർക്ക് സംവിധാനം ഈ മാസം പ്രവർത്തനക്ഷമമാകും.

Padmaja

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 687 – 24.7.2008 – ൽ മറുപടിക്ക്

ട്രഷറി വകുപ്പിൽ സോഷ്യൽ ആഡിറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. വാഹിദ് | ധനകാര്യ വകുപ്പ് മന്ത്രി |
| (എ) ട്രഷറി വകുപ്പിൽ സോഷ്യൽ ആഡിറ്റ് നടപ്പാക്കുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ എടുത്തു കഴിഞ്ഞിട്ടുണ്ട്.<br><br>1. ഓരോ ട്രഷറികളിലും ജീവനക്കാരുടെ കമ്മിറ്റികൾ രൂപീകരിച്ചു കഴിഞ്ഞിട്ടുണ്ട്. |
| | 2. ഓരോ ട്രഷറികളിലും സ്ഥലം M.L.A അധ്യക്ഷനായി സ്വാഗത സംഘം രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. |
| | 3. ജില്ലാ ട്രഷറി ഓഫീസർമാർ, അസിസ്റ്റന്റ് ജില്ലാ ട്രഷറി ഓഫീസർമാർ, കോ-ഓർഡിനേറ്റർമാർ എന്നിവർക്കുള്ള വർക്ക്ഷോപ്പ് സംഘടിപ്പിക്കുകയുണ്ടായി. |
| | 4. ഓരോ ട്രഷറിയിലും കഴിഞ്ഞ 6 മാസത്തെ (പൗരാവകാശരേഖ നടപ്പിലാക്കിയതു മുതൽ) പ്രവർത്തനങ്ങൾ വിലയിരുത്തുകയും റിപ്പോർട്ട് തയ്യാറാക്കിയും വരുന്നു. |
| | 5. ഓരോ ട്രഷറിയിലും ലഭിച്ച പരാതികൾക്കുള്ള മറുപടി തയ്യാറാക്കി റിപ്പോർട്ടിൽ ചേർക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

| | |
|---|---|
| | 6. ഈ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങുകളിൽ മറ്റുള്ള ട്രഷറി ഓഫീസർമാരേയും പങ്കെടുപ്പിച്ച് വസ്തുതകൾ മനസ്സിലാക്കുന്നതിനുള്ള അവസരം നല്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.<br>7. ഓരോ ട്രഷറിയിലേയും സോഷ്യൽ ഓഡിറ്റിനുള്ള ജൂറിമാരെ കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>8. തദ്ദേശ സ്വയം ഭരണ സർക്കാരുകളുമായി ചേർന്ന് സോഷ്യൽ ഓഡിറ്റിൻെറ സന്ദേശം പൊതു ജനങ്ങളിൽ എത്തിക്കുന്നതിനു വേണ്ടി ആവശ്യമായ പ്രചാരണ നടപടികൾ നടത്തിവരുകയാണ്.<br>9. സേവനഭോക്താക്കളുടെ യോഗങ്ങൾ ചേരുകയും ആവശ്യമായ വിലയിരുത്തലുകൾ നടത്തുകയും ചെയ്തു വരുന്നു.<br>10. വിവിധ ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ട്രഷറി ഡയറക്ടറേറ്റിലെ 23 ഉദ്യോഗസ്ഥരെ ലെയ്സൺ ഓഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഇതിനായിഏതെങ്കിലും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ? | തസ്തികകൾ ഒന്നും സൃഷ്ടിച്ചിട്ടില്ല. |
| (സി) ഇത് സംബന്ധിച്ച് ഇതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ | 1. ഓരോ ട്രഷറികളിലും ജീവനക്കാരുടെ കമ്മിറ്റികൾ രൂപീകരിച്ചു കഴിഞ്ഞിട്ടുണ്ട്. |

| | |
|---|---|
| എന്തെല്ലാമാണ്? | 2. ഓരോ ട്രഷറികളിലും സ്ഥലം M.L.A അധ്യക്ഷനായി സ്വാഗത സംഘം രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. |
| | 3. ജില്ലാ ട്രഷറി ഓഫീസർമാർ, അസിസ്റ്റൻറ് ജില്ലാ ട്രഷറി ഓഫീസർമാർ, കോ-ഓർഡിനേറ്റർമാർ എന്നിവർക്കുള്ള വർക്ക്ഷോപ്പ് സംഘടിപ്പിക്കുകയുണ്ടായി. |
| | 4. ഓരോ ട്രഷറിയിലും കഴിഞ്ഞ 6 മാസത്തെ (പൗരാവകാശരേഖ നടപ്പിലാക്കിയതു മുതൽ) പ്രവർത്തനങ്ങൾ വിലയിരുത്തുകയും റിപ്പോർട്ട് തയ്യാറാക്കിയും വരുന്നു. |
| | 5. ഓരോ ട്രഷറിയിലും ലഭിച്ച പരാതികൾക്കുള്ള മറുപടി തയ്യാറാക്കി റിപ്പോർട്ടിൽ ചേർക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| | 6. ഈ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങുകളിൽ മറ്റുള്ള ട്രഷറി ഓഫീസർമാരേയും പങ്കെടുപ്പിച്ച് വസ്തുതകൾ മനസ്സിലാക്കുന്നതിനുള്ള അവസരം നല്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. |
| | 7. ഓരോ ട്രഷറിയിലേയും സോഷ്യൽ ഓഡിറ്റിനുള്ള ജൂറിമാരെ കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| | 8. തദ്ദേശ സ്വയം ഭരണ സർക്കാരുകളുമായി ചേർന്ന് സോഷ്യൽ ഓഡിറ്റിൻെറ സന്ദേശം പൊതു ജനങ്ങളിൽ എത്തിക്കുന്നതിനു വേണ്ടി ആവശ്യമായ പ്രചാരണ നടപടികൾ നടത്തിവരുകയാണ്. |

| | |
|---|---|
| | 9. സേവനഭോക്താക്കളുടെ യോഗങ്ങൾ ചേരുകയും ആവശ്യമായ വിലയിരുത്തലുകൾ നടത്തുകയും ചെയ്തു വരുന്നു. |
| | 10. വിവിധ ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ട്രഷറി ഡയറക്ടറേറ്റിലെ 23 ഉദ്യോഗസ്ഥരെ ലെയ്സൺ ഓഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) ഇത് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഇനിയും എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്? | ഈ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം പ്രിൻസിപ്പൽ സബ്ട്രഷറിയുടെ സോഷ്യൽ ഓഡിറ്റിലൂടെ നിശ്ചയിച്ചിരിക്കുകയാണ്. ഇതിൽ നിന്നുള്ള അനുഭവത്തിന്റെ വെളിച്ചത്തിലായിരിക്കും ഈ പരിപാടിയുടെ മൊത്തത്തിൽ കാര്യക്ഷമമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുക. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 688

24.7.2008-ൽ മറുപടിയ്ക്ക്

## തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പണികൾ നടത്തുന്നതിനുള്ള പണിയായുധങ്ങൾ ലോക്കൽ പർച്ചേസ് മുഖാന്തിരം വാങ്ങണമെന്ന നിർദ്ദേശം

**ചോദ്യം**

ശ്രീമതി.കെ.കെ.ലതിക:
ശ്രീ.പി.അയിഷാ പോറ്റി:
ശ്രീ.ടി.പി.കുഞ്ഞുണ്ണി:
ശ്രീ.പി.ടി.എ. റഹീം :
ശ്രീ.ബി.ഡി.ദേവസ്സി:

**ഉത്തരം**

ശ്രീ. പാലോളി മുഹമ്മദ് കുട്ടി
(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും
വകുപ്പ് മന്ത്രി

എ. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പണികൾ നടത്തുന്നതിന് പണിയായുധങ്ങൾ ലഭ്യമാക്കുന്നതിൽ പഞ്ചായത്തുകൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എ. ഇല്ല.

ബി. പണിയായുധങ്ങൾ വാങ്ങുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്;

ബി. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ വേതന സാധനസാമഗ്രികളുടെ അനുപാതം 60:40 ആണ്. ഇതിൽ, സാധനസാമഗ്രികളുടെ ഘടകത്തിൽ (**material component**) ഉൾപ്പെടുത്തി പണിയായുധങ്ങൾ വാങ്ങാവുന്നതാണ്. അതിനു സാധിക്കാത്ത പക്ഷം പഞ്ചായത്തിന്റെ വികസന ഫണ്ട്/പൊതു ആവശ്യ ഗ്രാന്റ്/സ്വയാർജ്ജിത വരുമാനം എന്നിവ ഉപയോഗിച്ചുകൊണ്ടും പണിയായുധങ്ങൾ വാങ്ങുവാൻ അനുമതി കൊടുത്തിട്ടുണ്ട്. ഓരോ പഞ്ചായത്തിനും പ്രാദേശികമായി ആവശ്യമുള്ള തൊഴിലുപകരണങ്ങളേതെന്ന് ജില്ലാ തല ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി നിർണ്ണയിക്കേണ്ടതാണ്. തൊഴിലുപകരണങ്ങൾ ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസ്, റെയ്ഡ്കോ, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നിവയിൽ നിന്നോ അല്ലെങ്കിൽ സ്റ്റോഴ്സ് പർച്ചേസ് ചട്ടങ്ങൾക്ക് വിധേയമായി മത്സരാധിഷ്ഠിത ടെണ്ടറിന്റെ അടിസ്ഥാനത്തിലോ പഞ്ചായത്തുകൾക്ക് വാങ്ങാവുന്നതാണ്. ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റിലെ പ്രോജക്ട് ഡയറക്ടർ സാക്ഷ്യപ്പെടുത്തുന്ന ഐ.ആർ.ഡി.പി./എസ്.ജി.എസ് വൈ. ഗുണഭോക്താക്കളിൽ നിന്നും പണിയായുധങ്ങൾ വാങ്ങുന്നതിനും അനുമതി നൽകിയിട്ടുണ്ട്. പഞ്ചായത്ത് വാങ്ങുന്ന തൊഴിലുപകരണങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കുവാനുള്ള ചുമതല വാർഡ് തലത്തിൽ കുടുംബശ്രീ

| | | | |
|---|---|---|---|
| | | | എ.ഡി.എസ്സ്.-നാണ്. എ.ഡി.എസ്., ബ്ലോക്ക് ലെവൽ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി നിർണ്ണയിക്കുന്ന വാടക നിരക്കിൽ തൊഴിലുപകരണങ്ങൾ തൊഴിലാളികൾക്ക് എത്തിച്ചു കൊടുക്കുന്നു. തൊഴിലുപകരണങ്ങളുടെ വാടക, പ്രവർത്തിയുടെ മെറ്റീരിയൽ കമ്പോണന്റിൽ ഉൾപ്പെടുത്തിയായിരിക്കണം എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി. | പണിയായുധങ്ങൾ ലോക്കൽ പർച്ചേസ് മുഖാന്തിരം വാങ്ങരുതെന്ന് പഞ്ചായത്തുകളെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഈ നിർദ്ദേശം പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ? | സി. | പണിയായുധങ്ങൾ ഐ.ആർ.ഡി.പി./എസ്.ജി.എസ്.വൈ. യൂണിറ്റുകളിൽ നിന്നും ഗുണമേൻമ ഉറപ്പുവരുത്തി ലോക്കൽ പർച്ചേസ് നടത്തുവാനുള്ള അനുവാദം പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. മറ്റു സന്ദർഭങ്ങളിൽ സ്റ്റോർ പർച്ചേസ് നിയമം പാലിച്ച് വാങ്ങാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.689 24-7-2008-ൽ മറുപടിക്ക്

**നഗരവികസനത്തിനായി മുറിച്ച് മാറ്റപ്പെടുന്ന മരങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അച്ചുതൻ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.എൻ.ശക്തൻ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | നഗരവികസനത്തിന്റെ ഭാഗമായി മുറിച്ചുമാറ്റ പ്പെടുന്ന മരങ്ങൾക്ക് പകരം പുതിയ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും തദ്ദേശ സ്വയം ഭരണ വകുപ്പ് എന്തൊക്കെ പ്രവർത്തനങ്ങ ളാണ് നടപ്പാക്കിവരുന്നത്; | (എ) | നഗരവികസനത്തിന്റെ ഭാഗമായി മുറിച്ചു മാറ്റപ്പെടുന്ന മരങ്ങൾക്ക് പകരം പുതിയ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും സംരക്ഷിക്കു ന്നതിനുമായി പ്രത്യേക പരിപാടികളൊന്നും ഇപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പ് തലത്തിൽ നടപ്പിലാക്കിവരുന്നില്ല. |
| (ബി) | ഇത്തരത്തിൽ വച്ചുപിടി പ്പിക്കുന്ന വൃക്ഷങ്ങളുടെ സംരക്ഷണ ചുമതല വനംവകു പ്പിന്റെ കീഴിലുള്ള ഏതെങ്കിലും ഏജൻസികളെ ഏൽപ്പി ക്കണമെന്ന നിർദ്ദേശം പരിഗണ നയിലുണ്ടോ; | (ബി) യും (സി) യും (ഡി) യും | ബാധകമല്ല. |
| (സി) | ഇതിനായി വനംവകു പ്പിന്റെ ഏതെങ്കിലും ഏജൻസികളുമായി കരാർ ഉണ്ടാക്കിയി ട്ടുണ്ടോ; | | |
| (ഡി) | മരാമത്ത്, വനം എന്നീ വകുപ്പുകളുടെ സഹകരണ ത്തോടെ ഇതിനായി മറ്റെന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പാക്കാ നുദ്ദേശിക്കുന്നതെന്ന് വെളി പ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 690 — 24/7/2006-ൽ മറുപടിയ്ക്ക്

## ടെക്നോ സിറ്റിക്ക് ആവശ്യമായ സ്ഥലം

**ചോദ്യം**

ശ്രീ. കെ. സുധാകരൻ
ശ്രീ. കെ. സി. വേണുഗോപാൽ

**ഉത്തരം**

ശ്രീ. കെ. പി. രാജേന്ദ്രൻ
(റവന്യൂ വകുപ്പ് മന്ത്രി)

എ) ടെക്നോസിറ്റിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുത്തു നൽകുന്നതിന് തടസ്സം നേരിടുന്നതിനാൽ ഇവിടത്തെ വികസന പ്രവർത്തനങ്ങൾ തകരാറിലാകുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ബി) സർക്കാർ പുതുതായി പ്രഖ്യാപിച്ച ന്യായവിലയിലെ അപാകതകൾ മൂലം ഭൂവുടമകളിൽ നിന്ന് ഇതിനാവശ്യമായ സ്ഥലമെടുക്കുന്നതിന് നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ ;

എ) & ബി) ഇല്ല. ലാന്റ് അക്വിസിഷൻ ആക്റ്റിലെ പൊന്നുംവില നിയമപ്രകാരം 4(1) വിജ്ഞാപനത്തിന്റെ പരസ്യതീയതി മുതൽ പുറകോട്ടുള്ള 3 വർഷത്തെ രജിസ്റ്റർ ആക്കിയിട്ടുള്ള വിലയാധാരങ്ങൾ പരിശോധിച്ച് അവയിൽ നിന്നും പൊന്നും വില ഭൂമിയോട് സമാനതയുള്ള ആധാരങ്ങൾ തിരഞ്ഞെടുത്ത് പ്രസ്തുത ആധാരങ്ങൾ അടിസ്ഥാനമാക്കിയാണ് വില നിർണ്ണയിക്കുന്നത്. ലാന്റ് അക്വിസിഷൻ നടപടികൾ നിയമാനുസൃതമായിനടന്നുവരുന്നു. പള്ളിപ്പുറം, വെയിലൂർ, മേൽതോന്നയ്ക്കൽ എന്നീ വില്ലേജുകളിൽ ഭൂമിയുടെ ന്യായവില നിശ്ചയി ച്ചതിൽ ചില ന്യൂനതകൾ ഉണ്ടായിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി തിരുവനന്തപുരം ജില്ലാകളക്ടർക്കും ആർ.ഡി.ഒ യ്ക്കും അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ പള്ളിപ്പുറം വില്ലേജിലെ കരട് ന്യായവിലയിൽ ഉണ്ടായ കുറവുകൾ ശരിയാക്കിയിട്ടുണ്ട്. വെയിലൂർ, മേൽതോന്നയ്ക്കൽ എന്നീ വില്ലേജുകളിലെ ഭൂമിയുടെ ന്യായവില നിർണ്ണയത്തിലെ ന്യൂനതകൾ ഇനിയും പരിഹരിക്കാനുണ്ട്.

സി) ടെക്നോസിറ്റിക്ക് ആവശ്യമായ സ്ഥലം സമയബന്ധിതമായി ഏറ്റെടുത്തു നൽകുന്നതിന് റവന്യൂ വകുപ്പിൽ ഒരു പ്രത്യേക സെൽ രൂപീകരിക്കുമോ ?

സി) പ്രത്യേക സെൽ രൂപീകരിക്കേണ്ട ആവശ്യമില്ല. ആവശ്യമായ അധികജീവനക്കാരെ പുനർവിന്യാസത്തിലൂടെ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ